Deivarajyam July 2018
I R.N.7623/63
Registered No. KL/ALY/0020/2017-2019 I R.N. 7623/1963
Date of publication: 1/7/2018
I Posted at Thodupuzha Stg.
Annual Subscription ₹ 100.00



Our Lady of Mount Carmel



St. Anne & Joachim



St. Jacob



St. Alphonsa



St. Benedict

Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ജൂലൈ 2018 വാല്യം 57 ലക്കം 7

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ





എറണാകുളം - അങ്കമാലി അതിരൂപതയിൽ അപ്പസ്തോലിക്
അഡ്മിനിസ്ട്രേറ്ററായി നിയമിതനായ **മാർ ജേക്കബ് മനത്തോടത്ത്**
പിതാവിന് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...



കൊല്ലം രൂപതയുടെ പുതിയ ഇടയൻ
**അഭിവന്ദ്യ പോൾ മുല്ലശ്ശേരി പിതാവിന്**
രൂപതാ കുടുംബത്തിന്റെ
അഭിനന്ദനങ്ങളും....
പ്രാർത്ഥനാശംസകളും






**രൂപതാ ദിനം**
**09.06.2018**

# ദൈവരാജ്യം




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 57
ജൂലൈ 2018
ലക്കം 7

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

5 സഭാദിനം – ഇടയലേഖനം
10 യുവജനദിനം – സർക്കുലർ
14 രൂപതക്കച്ചേരി
20 മൈനർ സെമിനാരി
21 വിജ്ഞാനഭവൻ
25 വിദ്യാഭ്യാസം
26 സോഷ്യൽ സർവീസ്
26 ചെറുപുഷ്പ മിഷൻലീഗ്
28 കെ. സി. എസ്. എൽ.
29 ഫാമിലി അപ്പോസ്തലേറ്റ്
31 മാതൃവേദി
32 ഡി. എഫ്. സി.
34 യുവദീപ്തി
35 ജീസസ് യൂത്ത്
36 ഡി. സി. എം. എസ്.
36 എ. കെ. സി. സി.
36 ഇൻഫാം
37 കേരള ലേബർ മൂവ്മെന്റ്
38 അല്മായഫ്രാൻസിസ്കൻ സഭ
39 പ്രാർത്ഥനാഗ്രൂപ്പ്
40 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
40 നെസ്റ്റ് പ്രോഗ്രാം
41 വാർത്തയും വിശേഷങ്ങളും
42 തിരുനാൾ മംഗളങ്ങൾ
43 രൂപതാദ്ധ്യക്ഷന്റെ ഡയറി
48 Bishop's Engagements
49 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
49 നിര്യാതരായി



## ഓർമ്മിക്കാൻ

### ജൂലൈ

| | | |
|---|---|---|
| 3 | - | സഭാദിനം |
| 4-6 | - | Pre Marriage Course |
| 6-8 | - | KCYM State Leadership Camp |
| 14 | - | വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ |
| 23 - 24 | - | Young Priests' Seminar |
| 25 - 27 | - | Pre Marriage Course |

## തിരുനാളുകൾ

| | | |
|---|---|---|
| 03 | – | മാർത്തോമാശ്ലീഹായുടെ ദുക്റാന |
| 08 | – | പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ |
| 11 | – | വി. ബനഡിക്ട് |
| 15 | – | വി. കുര്യാക്കോസും വി. ജൂലിറ്റായും |
| 16 | – | കർമ്മല മാതാവിന്റെ തിരുനാൾ |
| 22 | – | വി. മഗ്ദലേന മറിയം |
| 25 | – | വി. യാക്കോബ് ശ്ലീഹാ |
| 26 | – | വി. യോവാക്കിമും വി. അന്നായും |
| 28 | – | വി. അൽഫോൻസ |
| 29 | – | വി. മർത്താ |
| 31 | – | വി. ഇഗ്നേഷ്യസ് ലയോള |

**Prot. No. 0918 / 2018** 13.06.2018

# സഭാദിനം - ഇടയലേഖനം

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**
**മാർ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ**
**ഉ ാ യി രി ക്ക ട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാളിനോടനുബന്ധിച്ച് പതിവുപോലെ ഈ കത്തെഴുതുകയാണ്. ഇപ്രാവശ്യം മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മൾ പരിചിന്തനത്തിനും പ്രാർത്ഥനയ്ക്കും വിഷയമാക്കുന്നത് നല്ലതാണ്. അവ ഓരോന്നായി പ്രതിപാദിച്ചുകൊള്ളട്ടെ.

ഒന്നാമതായി, നമ്മുടെ ശ്രദ്ധ പ്രേഷിതപ്രവർത്തനത്തിലേക്ക് തിരിയേണ്ടിയിരിക്കുന്നു. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും സുവിശേഷവത്ക്കരണത്തിനും അജപാലനത്തിനുമുള്ള അവകാശം പരിശുദ്ധ സിംഹാസനം 2017 ഒക്ടോബർ 9-ാം തീയതി അംഗീകരിച്ച് തന്നതിനു ശേഷമുള്ള ആദ്യത്തെ ദുക്റാന തിരുനാളാണല്ലോ ഇത്. പ്രേഷിതപ്രവർത്തനമെന്നത് നമ്മുടെ വാക്കിലും പ്രവൃത്തിയിലും ഈശോയെ ലോകത്തിനു നൽകുന്ന ജീവിതശൈലിയാണ്. പ്രേഷിത പ്രവർത്തനങ്ങൾ എന്നതിനേക്കാൾ പ്രേഷിതജീവിതമാണ് പ്രാധാന്യമർഹിക്കുന്നത്. ഓരോ ക്രൈസ്തവനും മാമ്മോദീസായിലൂടെ ലഭിക്കുന്ന ദൈവവിളിയാണ് ഈ പ്രേഷിതദൗത്യം. അതിനാൽ ഓരോരുത്തരും തങ്ങളുടെ ജീവിതത്തിലൂടെ മിശിഹായ്ക്കു സാക്ഷ്യം നൽകേണ്ടിയിരിക്കുന്നു. ഈ പ്രേഷിതദൗത്യത്തിന് ഓരോരുത്തർക്കും സ്വാഭാവികമായിത്തന്നെ വ്യത്യസ്ത രീതികൾ അവലംബിക്കേണ്ടിവരും. കുടുംബ ജീവിതക്കാരായ അല്മായരും ഏകസ്ഥജീവിതക്കാരും സമർപ്പിതരും വൈദികരും മെത്രാന്മാരും വിവിധ രീതികളിലാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്. എല്ലാവർക്കും ഒരേ ഒരു ലക്ഷ്യമേയുള്ളൂ: തങ്ങളുടെ വിളി അനുസരിച്ച് സഭാത്മകജീവിതം നയിക്കുക. ഈ ഉത്തരവാദിത്വത്തിൽ





എല്ലാ ക്രൈസ്തവരും തുല്യരാണ്. ശുശ്രൂഷാരീതികളിൽ വൈവിധ്യം ഉണ്ടെന്ന് മാത്രം. ഈശോമിശിഹാ തന്റെ സഭയിൽ തുടരുന്ന പ്രേഷിതവേലയുടെ നിർവാഹകരാണ് നാമോരോരുത്തരും. എല്ലാ സഭാംഗങ്ങളുടെയും വ്യത്യസ്തമായ ശുശ്രൂഷകളിലൂടെ മിശിഹായുടെ ദൗത്യംതന്നെ നമ്മൾ തുടർന്നുകൊണ്ടിരിക്കുന്നു. അതിനാൽ, എല്ലാവരും ഈ ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുമ്പോഴാണ് സഭയുടെ സാക്ഷ്യം മിശിഹായുടെ സാക്ഷ്യമാകുന്നത്.

പ്രേഷിതദൗത്യ നിർവഹണത്തിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ശൈലിയാണ് നമ്മൾ സ്വീകരിക്കേണ്ടത്. ആരും ആരുടെയും മേൽ അധികാരം ചെലുത്തുകയല്ല, പ്രത്യുത, പരസ്പരം ശുശ്രൂഷകരായി വർത്തിക്കുകയാണ് വേണ്ടത്. ഓരോരുത്തരുടെയും ശുശ്രൂഷകൾക്ക് ആവശ്യമായ പിന്തുണ നൽകുവാനും പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുവാനും എല്ലാവർക്കും കടമയുണ്ട്. ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇപ്രകാരം പറയുന്നു: 'മിശിഹായുടെ പ്രതിനിധികളായി വാക്കിലും പ്രവൃത്തിയിലും അവിടുത്തെ സന്ദേശവും ജീവിതസാക്ഷ്യവും മറ്റുള്ളവർക്ക് നൽകുന്നവർ എന്ന അർത്ഥത്തിൽ ക്രൈസ്തവരെല്ലാവരും പ്രവാചകരാണ്.'

രണ്ടാമതായി, നമ്മുടെ ശ്രദ്ധ തിരിയേണ്ട വിഷയം കുടുംബ പ്രേഷിതത്വമാണ്. കുട്ടികളുടെ വിശ്വാസജീവിതപരിശീലനം ക്രൈസ്തവസാക്ഷ്യം നൽകാൻ എപ്രകാരം അവരെ ശക്തരാക്കും എന്ന കാഴ്ചപ്പാട് നമുക്കുണ്ടാകണം. മാതാപിതാക്കൾ, വിശ്വാസപരിശീലകർ, വിശ്വാസപരിശീലന ഡയറക്ടർമാർ, ഇടവക വികാരിമാർ, മെത്രാന്മാർ ഏവരും ഒന്നിച്ചു നിർവഹിക്കേണ്ട ദൗത്യമാണിത്. ധാർമ്മികജീവിതത്തിലെ വെല്ലുവിളികളെല്ലാം ക്രൈസ്തവ ജീവിതശൈലിക്ക് യോജിച്ച രീതിയിൽ നേരിടാൻ കുട്ടികൾ പരിശീലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കുട്ടികൾ വളർന്ന് വരുമ്പോൾ മാധ്യമങ്ങളുടെ, പ്രത്യേകിച്ച് ഇന്റർനെറ്റ് മാധ്യമങ്ങളുടെ ഉപയോഗം നല്ല രീതിയിൽ അഭ്യസിക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നൽകണം. മറ്റേതൊരു രംഗത്തും എന്നതുപോലെ ഇവിടെയും വിലക്കുകളെക്കാൾ ക്രിയാത്മകമായ അഭ്യസനരീതികൾക്കാണ് പ്രാമുഖ്യം നൽകേണ്ടത്.

കുടുംബജീവിതത്തിന്റെ അടിസ്ഥാനം വിവാഹമെന്ന കൂദാശയാണ്. "ദൈവം നൽകുന്ന മക്കളെ സന്തോഷപൂർവ്വം സ്വീകരിക്കുന്നതിനും അവരെ വിശുദ്ധിയുടെ മാർഗ്ഗത്തിൽ നയിക്കുന്നതിനും അവി

ടുന്ന് നിങ്ങളെ സഹായിക്കട്ടെ" എന്ന വിവാഹ കർമ്മത്തിലെ ആശീർവാദ പ്രാർത്ഥന ഈ കാലഘട്ടത്തിൽ നമ്മെ കൂടുതൽ ചിന്തിപ്പിക്കേണ്ടതാണ്. ഫ്രാൻസിസ് മാർപാപ്പ ഈയിടെ പുറപ്പെടുവിച്ച 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശ്വാസജീവിതത്തെ വിശുദ്ധജീവിതമായിട്ടാണ് വിശേഷിപ്പിക്കുന്നത്. വിശുദ്ധി തന്നെയാണ് ക്രൈസ്തവജീവിതത്തിന്റെ സാക്ഷ്യവും സ്നേഹജീവിതത്തിന്റെ പൂർണ്ണതയും. ബനഡിക്ട് പതിനാറാമൻ മാർപാപ്പ 2011 ഏപ്രിൽ 13 ലെ ഒരു പ്രബോധനത്തിൽ 'വിശുദ്ധി എന്നത് സ്നേഹം ജീവിക്കുന്നതിന്റെ പൂർണ്ണത'യാണെന്ന് പറയുന്നുണ്ട്. ഫ്രാൻസിസ് പാപ്പായുടെ വീക്ഷണത്തിൽ, "വിശുദ്ധി നമ്മുടെ മിഷൻ അഥവാ ദൗത്യമാണ്." എല്ലാവർക്കും അവരവരുടെ രീതിയിൽ വിശുദ്ധജീവിതം നയിക്കാൻ സാധിക്കും (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ No. 21). കൃഷി, മത്സ്യബന്ധനം, കാലി വളർ ത്തൽ, വ്യാപാരം, വ്യവസായം, ഉദ്യോഗം, രാഷ്ട്രീയം, രാജ്യഭരണം, സമൂഹോദ്ധാരണം, കല, സാഹിത്യം, മാധ്യമപ്രവർത്തനം, പരിസ്ഥിതിസംരക്ഷണം എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉള്ളവർ ദൈവസ്നേഹത്തെ മുൻനിർത്തി സ്വന്തം നന്മയ്ക്കും മറ്റുള്ളവരുടെ നന്മയ്ക്കുമായി പ്രവർത്തിക്കുമ്പോൾ അവർ വിശുദ്ധിയിൽ വളരുകയാണ്. സത്യം, നീതി. സ്നേഹം, കാരുണ്യം, ക്ഷമ, ദയ, സൗമ്യത, ആത്മസംയമനം മുതലായ പരിശുദ്ധാത്മാവിന്റെ ദാനങ്ങളായിരിക്കണം എല്ലാ കാര്യങ്ങളിലും ശക്തി നൽകേണ്ടത്.

ജീവന്റെ മൂല്യം സംരക്ഷിക്കുവാൻ ഓരോരുത്തരും അതീവ നിഷ്കർഷയോടെ പഠിക്കുകയും പഠിപ്പിക്കുകയും വേണം. പ്രായമായവരോടുള്ള ബഹുമാനവും അവർക്ക് നൽകേണ്ട സംരക്ഷണവും ക്രൈസ്തവധർമ്മമായി നാമോരോരുത്തരും ഏറ്റെടുക്കേണ്ടതുണ്ട്. ഗർഭഛിദ്രവും ദയാവധവും ജീവന്റെ മൂല്യത്തിന് എതിരായ പാപകൃത്യങ്ങളാണ്. ഈ അവബോധം മനുഷ്യമനസ്സുകളിൽ രൂഢമൂലമാകണം. കുട്ടികൾ പ്രായപൂർത്തിയെത്തിയാൽ വിവാഹത്തിനായി ഒരുങ്ങാനും നല്ല കുടുംബജീവിതം നയിക്കാനും വേണ്ട പരിശീലനം ലഭിക്കേണ്ടതുണ്ട്.

2018 ഒക്ടോബർ മാസത്തിൽ റോമിൽവച്ച് നടക്കുന്ന സിനഡിന്റെ വിഷയം യുവജനങ്ങളെക്കുറിച്ചാണല്ലോ. യുവജന പ്രേഷിതത്വത്തെ സജീവമാക്കാനും കാലാനുസൃതമാക്കാനും യുവജന സിനഡ് സഹായകരമായി തീരുമെന്ന് നമുക്ക് പ്രത്യാശിക്കാം. യുവജന പ്രേഷിതത്വ





ത്തിനായി നമ്മുടെ രൂപതകളിലും മിഷൻ പ്രദേശങ്ങളിലും ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എങ്കിലും കാലഘട്ടത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി യുവജനങ്ങളെ വിശ്വാസത്തിലും ധാർമ്മികതയിലും വളർത്തിയെടുക്കാൻ ഉതകുന്ന പരിശീലനരീതികളും കർമ്മപരിപാടികളും നമ്മൾ ഇനിയും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു .

മൂന്നാമതായി, ഏവരുടെയും ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള ശരിയായ ദർശനമാണ്. ദൈവകൃപ അഥവാ ദൈവാത്മാവിന്റെ പ്രവർത്തനം ആണ് ഓരോ ക്രൈസ്തവനിലൂടെയും സംഭവിക്കേണ്ടത്. ദൈവാത്മാവിന് കാതോർക്കുന്നവനാണ് ക്രൈസ്തവൻ. വി. പൗലോസ് ശ്ലീഹ കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "എന്റെ വചനവും പ്രസംഗവും വിജ്ഞാനംകൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത, ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു. നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മാനുഷികവിജ്ഞാനമാകാതെ, ദൈവശക്തിയാകാനായിരുന്നു അത്" (1 കോറിന്തോസ് 2: 4–5). ഈ ക്രൈസ്തവദർശനത്തിനു പകരം ആധുനികകാലത്ത് ഓരോരുത്തരും ജീവിതവിജയത്തെ തങ്ങളുടെ നേട്ടമായി കാണുന്ന ഒരു ചിന്താരീതിയും പ്രവർത്തനശൈലിയും വളർന്നുവരുന്നുണ്ട്. 'സമകാലിക ജ്ഞാനവാദം' എന്നാണ് ഫ്രാൻസിസ് പാപ്പ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇതിനെ വിശേഷിപ്പിക്കുന്നത്. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽത്തന്നെ തെറ്റായ പ്രബോധനമായി സഭാപിതാക്കന്മാർ ഈ വാദത്തെ നിരാകരിച്ചിട്ടുള്ളതാണ്. ഈ ചിന്താഗതിക്കെതിരെ സഭയുടെ ശരിയായ ആദ്ധ്യാത്മികവീക്ഷണം നാം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. സുവിശേഷത്തിന്റെ ദൈവശാസ്ത്രപരവും ധാർമ്മികവുമായ പ്രബോധനത്തെക്കുറിച്ച് വിചിന്തനം ചെയ്യുവാൻ ശരിയായ രീതിയിൽ യുക്തി ഉപയോഗിക്കേണ്ടതുണ്ട്. അതോടൊപ്പം യുക്തിക്കതീതമായ വിശ്വാസരഹസ്യങ്ങൾ നമ്മുടെ രക്ഷയ്ക്ക് ഉപകരിക്കുന്നതാകയാൽ അതിനെ നാം സ്വീകരിക്കുകയും വേണം. നമ്മുടെ ബുദ്ധിയുടെ പ്രവർത്തനം കൊണ്ട് മാത്രം വിശ്വാസത്തിന്റെ എല്ലാ രഹസ്യങ്ങളെയും അപഗ്രഥിക്കുവാനും മനസ്സിലാക്കുവാനും സാധിക്കുമെന്ന് കരുതുന്നത് വിശ്വാസത്തിന്റെ സ്വഭാവത്തിന് നിരക്കാത്തതാണ്. അപ്രകാരം ചെയ്യുന്നവർ ദൈവികരഹസ്യങ്ങളെ

വിശ്വാസത്തിൽനിന്ന് വേർപെടുത്തുന്നു. അതുവഴി അവർ ക്രിസ്തുവില്ലാത്ത ഒരു ദൈവത്തിനും തിരുസ്സഭയില്ലാത്ത ഒരു ക്രിസ്തുവിനും ദൈവജനമില്ലാത്ത സഭയ്ക്കും മുൻഗണന നൽകുന്നു എന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ No. 37).

സമീപകാലങ്ങളിലുണ്ടായ ഓഖി, നിപ്പ (Nipah) എന്നീ ദുരന്തങ്ങളെയും കാലവർഷക്കെടുതികളെയും നേരിടുവാൻ സഭാമക്കൾ കൂട്ടായ്മയോടെ ചെയ്ത പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. കുട്ടികളെയും സ്ത്രീകളെയും പീഡനങ്ങൾക്ക് വിധേയമാക്കുന്ന സാമൂഹിക പ്രവണതകൾക്കെതിരെ നാം ജാഗ്രത പാലിക്കേണ്ടതുണ്ട്. ഇവരുടെയും മറ്റു ദുർബല വിഭാഗങ്ങളുടെയും സംരക്ഷണം നമ്മുടെ കടമയാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിനീകരണം ഇല്ലാതാക്കാനും നാം ശ്രദ്ധിക്കണം. കൃഷിക്ക് ഉപയുക്തമായ തരിശുഭൂമിയിലും തുറസ്സായ സ്ഥലങ്ങളിലും കൃഷിചെയ്യാനും മരങ്ങൾ നട്ടുപിടിപ്പിക്കാനും ഇടവക അടിസ്ഥാനത്തിൽ പരിശ്രമിക്കേണ്ടതുണ്ട്. പാവപ്പെട്ടവർക്ക് ഭവനം നിർമ്മിച്ചു കൊടുക്കുന്ന നമ്മുടെ ശുശ്രൂഷ ഇനിയും തുടരേണ്ടതാണ്. ഇപ്രകാരം ക്രിസ്തീയ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വക്താക്കളും സാക്ഷികളും ആകുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ സഭയിലെ പ്രവാസികൾക്കായി വിശിഷ്യാ, ഗൾഫ് നാടുകളിലെ സീറോ മലബാർ വിശ്വാസികൾക്കായി പ്രത്യേകം പ്രാർത്ഥിക്കാനും ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നു.

ഈശോമിശിഹായാകുന്ന വഴിയും സത്യവും ജീവനും ഭാരതമക്കൾക്ക് സംഭാവന ചെയ്ത മാർത്തോമാശ്ലീഹായുടെ മാർഗം അതിന്റെ ലാളിത്യത്തിലും പൂർണ്ണതയിലും നമ്മുടെ ജീവിതങ്ങളിൽ പ്രകാശിപ്പിക്കുവാൻ ദുക്റാന തിരുനാളിന്റെ ആഘോഷം നമുക്ക് പ്രചോദനമാകട്ടെ. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം നമ്മുടെ ജീവിതത്തിലൂടെയും അന്വർത്ഥമാകട്ടെ. ഏവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ !

**+കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

---

NB: ഈ ഇടയലേഖനം 2018 ജൂലൈ ഒന്നാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





Ref: 3095/K-5/KCBC/OL/DS 25.06.2018

# യുവജനദിനം 2018
## ജൂലൈ 8, ഞായർ
## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കേരള കത്തോലിക്കാ മെത്രാൻ സമിതി 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെ യുവജനവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ! യുവജന വർഷാചരണവുമായി ബന്ധപ്പെട്ട് നിരവധി കർമ്മപരിപാടികൾ മൂന്ന് വ്യക്തിഗത സഭയിലും, കെ.സി.ബി.സി. യുവജന കമ്മീഷന്റെ നേതൃത്വത്തിലും കെ.സി.വൈ.എം.-ന്റെ നേതൃത്വത്തിലും നടത്തി വരുകയാണ്. 2018 ഒക്ടോബർ മാസം റോമിൽ വച്ച് നടത്തപ്പെടുന്ന യുവജന സിനഡിന്റെ പശ്ചാത്തലത്തിലാണ് കേരളസഭ യുവജനവർഷം പ്രഖ്യാപിച്ചത്. റോമിലെ യുവജന സിനഡിൽ മെത്രാന്മാർ ചർച്ച ചെയ്യുന്നത് യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ എന്നീ വിഷയങ്ങളാണെന്ന് നമുക്കറിയാമല്ലോ! ആഗോള കത്തോലിക്കാസഭ യുവത്വത്തിന്റെ പ്രത്യേകതകളെ ഗൗരവമായി സിനഡിലൂടെ പഠനത്തിന് വിധേയമാക്കുമ്പോൾ കേരളസഭയ്ക്ക് യുവജനങ്ങളെപ്പറ്റി ആഴമായി പഠിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ കേൾക്കാനും അംഗീകരിക്കാനും അവരുടെ സർഗ്ഗശക്തിയെ വിശ്വാസത്തിന്റെയും നന്മയുടെയും ദിശയിലേക്ക് നയിക്കാനും സാധിക്കണം.

യുവജനങ്ങൾക്ക് സഭയിലും സമൂഹത്തിലുമുള്ള സുപ്രധാനമായ സ്ഥാനം അംഗീകരിച്ചുകൊണ്ടാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സിനഡിൽ യുവത്വം ചർച്ചാവിഷയം ആക്കുന്നത്. മാർപാപ്പയുടെ പ്രബോധനങ്ങൾ ഉൾക്കൊണ്ട്, സഭയുടെ വിവിധ തലങ്ങളിൽ, യുവജനങ്ങളുടെ പ്രശ്നങ്ങളെ മനസ്സിലാക്കാനും, അവർ നല്ല തീരുമാനങ്ങൾ എടുത്ത് സ്വയം വളരുവാനും, സഭയെ പണിതുയർത്തുവാനും പ്രാപ്തരാക്കുന്നതിന് അവരെ സഹായിക്കുകയും വേണം. ഭാരതത്തിലെ 130 കോടി ജനങ്ങളിൽ 60 ശതമാനത്തിലധികം യുവജനങ്ങളാണ്. അതായത് ഏതാണ്ട് 80 കോടിയോളം വരുന്ന യുവജനങ്ങൾ. കേരളസഭയിൽ 50 ശതമാനത്തിലധികം യുവജനങ്ങളാണ്. നാളത്തെ സഭയും, സമൂഹവും, രാഷ്ട്രവും അവരെ ആശ്രയിച്ചിരിക്കുന്നു. യുവജനങ്ങളെ നാം കാര്യമായി കരുതുകയും അവർ നന്മയുടെ പക്ഷത്തുണ്ടെന്ന് ഉറപ്പാക്കുകയും അവരുടെ സമഗ്രമായ വികസനം നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാക്കുകയും ചെയ്യേണ്ടതാണ്. ആഗോളസഭ

യുവജന സിനഡും കേരളസഭ യുവജനവർഷവും ആചരി ക്കുമ്പോൾ സഭയിൽ യുവജനപങ്കാളിത്തം ആനുപാതികമായി എല്ലാ പ്രവർ ത്തനമേഖലയിലും ഉറപ്പാക്കുകയും അവരെ പ്രോത്സാഹിപ്പി ക്കു കയും വേണം. കേരളസഭയിൽ കെ.സി.വൈ.എം., എസ്.എം. വൈ.എം., എൽ.സി.വൈ.എം., എം.സി.വൈ.എം. എന്നിവ ഉൾപ്പെടെ പത്ത് യുവ ജന സംഘടനകൾ പ്രവർത്തിക്കുന്നു. ഇവയിൽ എല്ലാം കൂടി നമ്മുടെ യുവജനങ്ങളിൽ പത്തോ, പതിനഞ്ചോ ശതമാനമേ അംഗങ്ങളായുള്ളു. അതായത് സഭയിലെ ഭൂരിഭാഗം യുവജനങ്ങളും യുവജന സംഘടന യിൽ പങ്കാളികളല്ല. മുതിർന്ന അല്മായരോടൊപ്പം സ്ത്രീകൾക്കും യുവജനങ്ങൾക്കും സഭയിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കി അവരെ കൂടുതൽ സഭയോടു ചേർത്ത് നിർത്താൻ പരിശ്രമിക്കേണ്ടതാണ്.

ഇന്നത്തെ യുവജനം മുൻതലമുറയേക്കാൾ അറിവുള്ളവരാണ്. ആധുനിക ടെക്നോളജിയെ ആശ്രയിക്കുന്ന യുവത്വത്തിലേക്ക് അറി വിന്റെ വാതിലുകൾ തുറന്നിട്ടിരിക്കുന്നു. അവർ സഭയുടെയും രാഷ്ട്രത്തിന്റെയും ശക്തി സ്രോതസ്സാണ്, ഭാവി പ്രതീക്ഷയാണ്. അവർ കൂടുതൽ ആന്തരിക സ്വാതന്ത്ര്യം (Inner Freedom) അനുഭവിക്കുന്നു. അവരുടെ പുതിയ അറിവിനെയും, ആന്തരിക സ്വാതന്ത്ര്യത്തെയും ആദരിച്ചുകൊണ്ടുള്ള തീരുമാനങ്ങളും പ്രവർത്തനങ്ങളും യുവജന ശുശ്രൂഷകളെ കൂടുതൽ ഫലവത്താക്കും. അല്ലെങ്കിൽ അവരിൽ അനന്യതാ സംഘർഷം (Identity Crisis) വർദ്ധിക്കും. വിരൽതുമ്പിൽ ലോകസംസ്കാരത്തിന്റെ അറിവുമായി മുന്നേറുന്ന യുവത്വത്തെ നാം കാര്യമായി പരിഗണിക്കുകയും അവരെ വിശ്വാസത്തിൽ എടുക്കുകയും വേണം. യുവശക്തി യേശുവിന്റെ മാതൃകയിൽ കരുത്താർജ്ജിച്ചാൽ സഭയ്ക്കും സമൂഹത്തിനും വലിയ വികാസമുണ്ടാകും. ഗോതമ്പുമണി നിലത്തുവീണഴിഞ്ഞ് ഫലം പുറപ്പെടുവിയ്ക്കുന്നതുപോലെ, യുവജന ങ്ങളുടെ എല്ലാ കർമ്മശേഷിയും സഭയുടെ വേദികളിലൂടെ ആവിഷ്ക രിക്കാൻ അവസരം ലഭിച്ചാൽ, സഭ അതിവേഗം വളരും.

ഇന്നത്തെ യുവജനം ദുഃഖത്തിനും ഏകാന്തതയ്ക്കും പാത്രീ ഭൂതരാണ്. അതിനുകാരണം അവരുടെ വിശ്വാസത്തകർച്ച, മൂല്യ ത്തകർച്ച, കുടുംബത്തകർച്ച എന്നിവയൊക്കെയാണ്. സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം, ആളുകളുടെ ജീവിതരീതിയിലും മനോ ഭാവത്തിലുമുള്ള മാറ്റം, സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലുള്ള മാറ്റം, സാമ്പത്തിക ഇടപെടലുകളിലുള്ള മാറ്റം, മീഡിയായുടെ ഉപ യോഗത്തിലുള്ള മാറ്റം, സഭയുടെ സമീപനങ്ങളിലുള്ള മാറ്റം എന്നിവ യെല്ലാം യുവജനതയ്ക്ക് വെല്ലുവിളികൾ ഉയർത്തുന്നു. ഇവ പരിഹരി ക്കുവാൻ യുവജനങ്ങളെ നാം ശക്തരാക്കുന്നത് യേശുവിനെ കൂടുതൽ അടുത്തറിയുവാൻ അവസരങ്ങൾ ലഭ്യമാക്കുന്നതിലൂടെയാണ്. യേശു





വിന്റെ പ്രബോധനത്തിന്റെ ഉള്ളടക്കം സ്നേഹവും കരുണയുമാണ്. സ്നേഹവും കരുണയും പങ്കുവയ്ക്കുന്ന സന്ദർഭങ്ങളിലൂടെയാണ് നാം സുവിശേഷത്തിന്റെ നല്ല സാക്ഷികളാകുന്നത്. ഈ സന്ദർഭങ്ങൾ ദൈവ ത്തിലേക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്രയാണ്. ആധുനിക സമൂഹം വാഗ്ദാനം ചെയ്യുന്ന പ്രലോഭനങ്ങളെ അതിജീവിച്ചുകൊണ്ട് ക്രിസ്തു വിന്റെ പോരാളിയാകാൻ യുവത്വത്തെ സജ്ജമാക്കുന്ന പ്രക്രിയയാണ് കാരുണ്യ പ്രവർത്തികൾ. യുവജനവർഷം കാരുണ്യപ്രവർത്തികൾ കൂടുതൽ ചെയ്യുവാൻ നമുക്ക് കഴിയണം. യേശുവിന്റെ കാരുണ്യം നാം പ്രാവർത്തികമാക്കുമ്പോൾ ദുഃഖത്തിനും, ഏകാന്തതയ്ക്കും പരിഹാര മാകുന്നു. മൂല്യത്തകർച്ചകളെ അതിജീവിച്ച്, വിശുദ്ധിയിലേക്കും, കൗദാ ശിക നന്മയിലേക്കും, ദൈവാനുഭവത്തിലേക്കും വളരുവാൻ യുവ ജനങ്ങൾ സജ്ജരാകുന്ന യുവജന ശുശ്രൂഷയിൽ സ്നേഹത്തി ന്റെയും, കരുണയുടെയും വിശുദ്ധീകരണത്തിന്റെയും, ദൈവാനു ഭവത്തി ന്റെയും പ്രാർത്ഥനയും അനുഭവങ്ങൾ ഉൾചേർന്നിട്ടുണ്ട്.

യുവജനവർഷപരിപാടികൾ വ്യക്തമായ കാഴ്ചപ്പാടുകളോടു കൂടിയാണ് യുവജന കമ്മീഷൻ ആവിഷ്കരിച്ചിരിക്കുന്നത്. മൂന്ന് വ്യക്തി ഗത സഭകളിലും യുവജനവർഷ കർമ്മപരിപാടികൾ വിപുലമായ രീതിയിൽ നടത്തപ്പെടുന്നുണ്ട്. യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഏഴ് തലങ്ങളിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. (1) ബോധവത് ക്കരണം (2) പഠനം (3) ആത്മീയ നവീകരണം (4) പ്രായോഗിക കർമ്മ പരിപാടികൾ (5) യുവജന സംഗമം (6) പരിശീലന പരിപാടികൾ (7) ഓപ്പൺഫോറം, കൂടാതെ സുവിശേഷാനുഭവ പഠന ക്യാമ്പുകൾ, റിസോഴ്സ് ടീം ട്രെയിനിംഗ്, നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ, നവോത്ഥാന യാത്രകൾ, വിശ്വാസസാഹോദര്യ സമ്മേളനങ്ങൾ എന്നി വയും സംഘടിപ്പിക്കുന്നുണ്ട്. നമ്മുടെ യുവജനങ്ങളുടെ നവീകരണം ലക്ഷ്യമാക്കി ധ്യാനങ്ങളും ദിവ്യകാരുണ്യ ആരാധനകളും, ദൈവ ശാസ്ത്രവിചിന്തനങ്ങളും നടത്തപ്പെടുന്നു. കേരളത്തിന്റെ കാർഷിക സംസ്കാരത്തെയും, പ്രകൃതി സംരക്ഷണത്തെയും മുന്നിൽകണ്ട് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്ന പദ്ധതി, പ്രകൃതി പഠന ക്യാമ്പ്, സംരംഭകത്വപരിശീലനം, കാമ്പസ് മിനിസ്ട്രി എന്നിവ ഇതി നോടകം സംഘടിപ്പിക്കപ്പെട്ടു. യുവജന സംഗമങ്ങൾ, വിവിധ പരി ശീലന പരിപാടികൾ, മലബാർ യുവജന സമ്മേളനം എന്നിവയെല്ലാം ക്രമീകരിച്ചുകൊണ്ടിരിക്കുകയാണ്. യുവജനങ്ങളെ അറിയുക, മനസ്സി ലാക്കുക, കേൾക്കുക എന്നിവ ലക്ഷ്യം വെച്ച് ഓപ്പൺ ഫോറം, കൂടാതെ ഇന്റർ റിലീജിയസ് ഡയലോഗ്, ഗ്രാമനവോത്ഥാന യജ്ഞം, സർവ്വമത സമ്മേളനങ്ങൾ, ദളിത് ക്രൈസ്തവ അവകാശ സമരങ്ങൾ, മത്സ്യ ത്തൊഴിലാളി വിമോചനസമരങ്ങൾ, മദ്യ-ലഹരി വിരുദ്ധ സമരങ്ങൾ,

പ്രതിഭാസംഗമം, സ്ത്രീശാക്തീകരണ മുന്നേറ്റങ്ങൾ, യുവജനവർഷ സ്മരണിക, യൂത്ത് പോളിസി, തീരരക്ഷായാത്ര എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. അങ്ങനെ യുവജനവർഷം വെറും ഒരു ആചരണമാക്കി മാറ്റാതെ വ്യക്തമായ ദിശാബോധത്തോടെ വിവിധ കർമ്മപരിപാടികൾ യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു. കെ. സി. വൈ. എം., മിജാർക്ക്, യൂക്കരിസ്റ്റിക് യൂത്ത് മൂവ്മെന്റ്, ഐക്കഫ്, ജീസസ്സ് യൂത്ത് തുടങ്ങി കേരള കത്തോലിക്കാസഭയിൽ പ്രവർത്തിക്കുന്ന എല്ലാ യുവജന സംഘടനകളും യുവജനവർഷ കർമ്മപരിപാടികൾ ഏറ്റവും ഫലപ്രദമായ രീതിയിൽ നടത്തുവാൻ ത്യാഗപൂർവ്വം ശ്രദ്ധിക്കുന്നു.

ദൃശ്യമാധ്യമങ്ങളുടെയും, സാമൂഹിക മാധ്യമങ്ങളുടെയും തെറ്റായ സ്വാധീനം യുവജനങ്ങളിൽ നിന്ന് അകറ്റാൻ യൂത്ത് കമ്മീഷൻ മാധ്യമ ശിൽപ്പശാല, മാധ്യമങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനുള്ള പരിശീലനം, ഇ-പ്രയർ, ഇ-കാറ്റകിസം, ഇ-യൂത്ത് എൻകൗണ്ടർ എന്നിവ സംഘടിപ്പിച്ച് ബോധവത്ക്കരണം നൽകുന്നു.

കേരള കത്തോലിക്കാസഭയിലെ മൂന്ന് വ്യക്തിഗത സഭകളിലെ യുവജനങ്ങൾക്കായി സ്ഥാപിച്ചിരിക്കുന്ന ഔദ്യോഗിക യുവജന പ്രസ്ഥാനമായ കെ. സി. വൈ. എം. എല്ലാ യുവജന സംഘടനകളോടും കൈകോർത്ത് യുവജനവർഷത്തെ ഏറ്റവും ഫലപ്രദമാക്കുവാൻ പരിശ്രമിക്കുന്നു. യുവജനവർഷ പ്രവർത്തനങ്ങൾ ആനുകാലിക സമൂഹത്തിലും സഭയിലും വലിയ ശക്തി പകരുമെന്ന് പ്രത്യാശിക്കുന്നു. നമ്മുടെ യുവജനസഭയേയും, അതിന്റെ കർമ്മപരിപാടികളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒക്ടോബറിൽ റോമിൽ വച്ചു നടക്കുന്ന യുവജനസിനഡ്, കേരള സഭയിലെ യുവജന വർഷാചരണം, നമ്മുടെ എല്ലാ യുവജനസംഘടനകളുടെയും പ്രവർത്തനം എന്നിവ വഴി സഭയിൽ യുവജനങ്ങളുടെ ആത്മീയ നവോത്ഥാനവും പ്രേഷിത മുന്നേറ്റവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കാം.

ഏവർക്കും യുവജനവർഷ ആശംസകൾ.

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**N.B.** 2018 ജൂലൈ 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.





# രൂപതക്കച്ചേരി

### *C. 50 /2018* സഭാദിന പിരിവ്

സീറോ മലബാർ സഭയുടെ കേന്ദ്രകാര്യാലയത്തിന്റെ ആവശ്യങ്ങൾക്കായി സഭാംഗങ്ങൾ വർഷംതോറും നൽകിവരുന്ന സഭാദിനപിരിവ് ആളോഹരി 2 രൂപ പ്രകാരം രൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

*Bishop*

### *C. 51 /2018* അജപാലന സന്ദർശനം

| | | |
|---|---|---|
| കുട്ടമ്പുഴ | - | ജൂലൈ 8 |
| പൊന്നന്താനം | - | ജൂലൈ 15 |
| തോട്ടക്കര | - | ജൂലൈ 22 |
| വേട്ടാമ്പാറ | - | ആഗസ്റ്റ് 5 |

*Bishop*

### *C. 52/2018* New Appointments

| | |
|---|---|
| Vicar, St. George Church Kadvoor | - Rev. Fr. Francis Karikunnel |
| Vicar, St. Thomas Church Thrikariyoor | - Rev. Fr. Mathew Kochumundanmalayil |
| Director, Bible Apostolate | - Rev. Fr. Mathew Kochumundanmalayil |
| Director, Infarm | - Rev. Fr. Augustine Padinjarekuttu |

*Bishop*

### *C. 53 /2018* Monthly Recollection for Priests

***Topic for discussion in August***

Read in common Nos. 671-680 of the Catechism of the Catholic Church.

*Protosyncellus*

### *C. 54 /2018* Young Priests' Seminar

Annual seminar for the young priests of the Eparchy ordained after 31-01-2012 will be conducted on July 23-24, 2018 at NESTT Muvattupuzha. The seminar begins on Monday at 9.30 am and comes to an end on Tuesday by 4.30 pm. All are expected to participate without fail.

*Protosyncellus*

C. *55/2108* **Annual Retreat for Priests**

The list of the participants in each batch is given below. Those who seek exemption from the common retreat owing to some grave reason are to get it in writing from the Eparchial Curia.

The Rev. Fathers are to fulfil the following Mass intentions and report to the Curia before the 31st of December 2018.

1. For the Priests of the Eparchy-1
2. *Ad intentionem episcopi* (stipend to be used for charitable purposes) - 4
3. *Ad intentionem episcopi* (stipend to be used to meet the expenses of the retreat) -5

N.B. The Mass intentions Nos. 1 and 2 are to be fulfilled by all while those in No. 3 are to be fulfilled only by those who take part in the common retreat.

The presbyters who participate in the retreat are to bring with them their Mass Account, and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

**FIRST BATCH**

Venue: NESTT, Muvattupuzha

**Time: From Sunday, 9 September to Friday, 14 September 2018**

Retreat Preacher : Rev. Fr. Vincent Variath

1 Akkapadickal Paul
2 Alappatt Francis
3 Areekatt Mathew
4 Ariappillil Emmanuel
5 Athickal Joseph
6 Athickal Mathew
7 Chamakalayil Mathew
8 Chandrankunnel Mathew
9 Cheripuram Abraham
10 Cherkott Thomas
11 Cheruparambil Thomas
12 Chettoor George
13 Choorathotty Paul
14 Edathotty Paul
15 Ezhanikatt James
16 Ezhanikatt Mathew
17 Ezhumayil Joseph
18 Kadukamackal Joseph
19 Kadukummackal George
20 Kalathoor Paul
21 Kalapurackal Jacob
22 Kalapurackal Jose
23 Kallarackal John
24 Kallarackal Joseph
25 Kallidukkil Zacharias
26 Kandathinkara Joseph





27 Kapiarumala George
28 Karakombil Paul
29 Karakunnel George
30 Keerampara Francis
31 Keethappilly Joseph
32 Kizhakedath Mathew
33 Kochuparambil George
34 Kochupurackal Mathew (Jr.)
35 Kochupurackal Mathew (Sr.)
36 Kodiammanal John
37 Konthempillil Sebastian
38 Koickakudy Joseph
39 Konickal Mathew
40 Koonanickal Jose (Sr)
41 Koonanickal Joseph
42 Koottumkal Joseph
43 Kottarathil Thomas
44 Kulathoor Jose
45 Kunnappillil Mathew
46 Kunnappillil Augustine
47 Kunnath Mathew
48 Kurianal Emmanuel
49 Kurukoor Mgr George
50 Kuzhikanniyil Joseph
51 Kuzhinjalil Thomas
52 Madathiparambil Francis
53 Mailadiath Jose
54 Malekudy Thomas
55 Malieckal Mathews
56 Maliyeckal Antony
57 Mannathukkaran Jacob
58 Mattappillil John
59 Monippilly Jose
60 Mulanjanany Joseph
61 Mundackal Joseph (Sr)
62 Mundackal Mathew (Sr)
63 Mundunadayil Joseph
64 Muringamattam John
65 Muttathuvalayil Joseph
66 Namattathil Sebastian
67 Nandalath Mathews
68 Nedumpurath Paul
69 Nedumthadathil Paulose
70 Nedungatt Vincent
71 Nirappath George
72 Niravath Joseph
73 Niravathinal Abraham
74 Njaralakatt Luke
75 Oliapuram Mgr.George
76 Onelil John
77 Padinjarekutt Augustine
78 Panachickal James
79 Panackal Thomas
80 Paramel Varghese
81 Parathazham Paul
82 Parayannilam Joseph
83 Peechatt Emmanuel
84 Perumpananickal Abraham
85 Pichappillil John
86 Pinakatt Joseph
87 Pittappillil Francis
88 Poonat Manuel
89 Pothanamuzhi Mathew
90 Pothanamuzhy Sebastian
91 Pothoor Jose
92 Pottackal George
93 Pulickal Joseph (Jr.)
94 Pulimalayil Antony
95 Pulloppillil Jose
96 Pulparambil Jose
97 Pulpra George
98 Puthenkulam Antony
99 Puthenkulam Mathew
100 Puthiyedath Jacob
101 Rathappillil Jacob
102 Thachil George
103 Thanickal Joseph
104 Thanikunnel Alex
105 Thayyil James
106 Thekkeattath George
107 Thekkekara George
108 Thekkekara Mathew (Jr.)
109 Thekkekara Mathew (Sr.)

110 Thevarpadam Mathews
111 Thottathimyalil John
112 Thuruthippillil Sebastian
113 Vadakekudy James
114 Vadakumparampil Jacob
115 Valloppillil Sebastian
116 Vandanakara George
117 Vararappilly James
118 Vattakatt Augustine
119 Vattakuzhy Emmanuel
120 Vellankal Mgr. Mathew
121 Vellaramkattil Xavier
122 Velliamthadam Joseph
123 Vengooran Jose
124 Vettikuzha Thomas
125 Vilayappillil Antony

**SECOND BATCH**

Venue: NESTT, Muvattupuzha

**Time: From Sunday, 23 Sept. to Friday, 28 Sept. 2018**

Retreat Preacher : Rev. Fr. Jacob Koyippilly

1 Adapoor Joseph
2 Aikaramattam James
3 Anikottil John
4 Arackal James
5 Arackal Jose
6 Arackal Joseph
7 Arolichalil Sebastian
8 Athickal Francis
9 Athickal Pius
10 Avarapattu Paul
11 Chatholil John
12 Chemparathy George
13 Chirapparambil Jose
14 Choorathotty James
15 Edattu Mathews
16 Elanjedath John
17 Inchaplackal Paul
18 Kachiramattam Kuriakose
19 Kachiraparekudiyil Martin
20 Kadambanatt Sebastian
21 Kadavan John
22 Kakanatt Mathew
23 Kakkuzhy James
24 Kalapurayil James
25 Kalariparambil Thomas
26 Kallarackal Thomas
27 Kandathil Joseph
28 Kanimattathil Sebastian
29 Kanjirakompil Mgr. Cherian
30 Kanjirakompil Jose
31 Kannadan Francis
32 Kannamkulam Thomas
33 Kannampalliyil Kuriakose
34 Kapiarumala Thomas
35 Kapiyarumalayil Joseph
36 Karakombil James
37 Kariamadam George
38 Karikunnel Francis
39 Kizhakel Jose
40 Kochumundanmalayil Mathew
41 Kochumuttam John
42 Kochuparambil Joseph (Jr.)
43 Kochuparambil Joseph (Sr.)
44 Kodakallil Kuriakose
45 Kodamullil Cyriac
46 Kodamullil Paul
47 Koickakudy Joseph Cherian
48 Koithanath Joseph
49 Kottackal Antony
50 Kottoor Jose
51 Kunnamkulathil Emmanuel
52 Kunnel Stanislaus
53 Kurianal James
54 Kunnumpuram Joseph





55 Kurisummoottil George
56 Mailackachalil Paul
57 Makolil Joseph
58 Malekandathil Pius
59 Maleparambil George
60 Mandapathil Varkey
61 Marappillil George
62 Moolasseril Nicholas
63 Moorkattil Jose
64 Mulanjanany George
65 Mundackal Emmanuel
66 Mundackal George
67 Mundackal John
68 Mundackal Joseph (Jr.)
69 Mundackal Mathew M.
70 Mundackal Mathew (Jr)
71 Mundackal Thomas
72 Mundolickal James
73 Nampiaparambil Francis
74 Nandalath Francis
75 Nedumkallel George
76 Nedumpuram Joseph
77 Neerampuzha Jose
78 Nellikunnel Joseph
79 Njaliparambil Antony
80 Njaloor Cyriac
81 Njaloor Joseph
82 Oliapuram George (Sr.)
83 Oroplackal Johnson
84 Ovelil Antony
85 Padinjattuvayalil John
86 Pallikunnel Georgy
87 Pannarakunnel Sebastian
88 Parackal Abraham
89 Parankimyalil George
90 Parayidom Thomas
91 Pazhayapeedikayil Johnson
92 Peechanikunnel George
93 Periapuram Thomas
94 Peringarappillil Sotter
95 Pichalakatt Manuel
96 Pittappillil Mathew
97 Ponneth Joseph
98 Poonat Mathew
99 Poovathumkal Thomas
100 Pothanamuzhi Thomas
101 Pulickal Joseph (Sr.)
102 Pullan George
103 Pulprayil Stanley
104 Punnamattathil Scaria
105 Thadikkatt George
106 Thalappillil Jacob
107 Thanathuparambil George
108 Thekkumkattil Mathew
109 Thottathimyalil Mathew
110 Thozhalay Mathew
111 Thumbamattathil Sebastian
112 Vadakkel George
113 Vadakkel James
114 Vadakken John
115 Vadakkumpadam Mathew
116 Valiathazhath Sebastian
117 Vallomkunnel George
118 Varicattu Cherian
119 Vattakuzhy Jose
120 Vattappallil Jacob
121 Vattathottathil Thomas
122 Vilanguparayil Paul
123 Vilanguparayil Thomas

*Protosyncellus*

## *C. 56 /2018* ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്

സമ്പത്തിന്റെ അഭാവം ഉപരിപഠനത്തിന് തടസ്സമാകരുതെന്ന ചിന്തയോടെ കഴിവുള്ള, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികളെ ഉന്നതവിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുന്ന കോതമംഗലം രൂപതയിൽ പുതിയതായി ആരംഭിക്കുന്ന പഠനസഹായ പദ്ധതിയാ

ണിത്. ആദ്യഘട്ടത്തിൽ "കെയർ എ ഫാമിലി" സഹായം കിട്ടുന്ന കുടുംബങ്ങളിൽ നിന്നുള്ള 25 കുട്ടികൾക്കാണ് മുൻഗണന നൽകുന്നത്. ഈ പദ്ധതിയിൽ സഹകാരികളാകുവാൻ സന്മനസ്സുള്ളവർക്ക് ഇതിലേക്ക് സാമ്പത്തിക സഹായം നൽകാവുന്നതാണ്.

*Protosyncellus*

### *C. 57 /2018* ഡയാലിസിസ് സഹായ പദ്ധതി

സ്ഥിരമായി ഡയാലിസിസ് ചെയ്യേണ്ടതും എന്നാൽ സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവരുമായ രോഗികളെ സഹായിക്കുന്ന പദ്ധതിയാണിത്. ഒരു രോഗിക്ക് 25000/- രൂപ വച്ച് 100 പേർക്ക് കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. ബഹു. വികാരി അച്ചന്മാർ ചികിത്സാസഹായം ആവശ്യമുള്ള രോഗികളുടെ വിവരം അടങ്ങിയ അപേക്ഷാഫോറം പൂരിപ്പിച്ച് ജീവാമിൽക്കിന്റെ ഓഫീസിൽ ഏല്പിക്കണം.

*Protosyncellus*

### *C. 58 /2018* അഭിനന്ദനങ്ങൾ, ആശംസകൾ

റോമിൽ ബിബ്ലിക്കൽ തിയോളജിയിൽ ഉപരിപഠനം കഴിഞ്ഞ് തിരിച്ചെത്തിയിരിക്കുന്ന ബഹു. മാത്യു കൊച്ചുമുണ്ടൻമലയിൽ അച്ചന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

കാലടി സർവ്വകലാശാലയിൽ M.A. History-യ്ക്ക് ഒന്നാം റാങ്ക് കരസ്ഥമാക്കിയ ബഹു. ജോർജ്ജ് മാറാപ്പിള്ളിൽ അച്ചന് അഭിനന്ദനങ്ങൾ.

*Protosyncellus*

### *C. 59/2018* രൂപതാദിനാഘോഷം

2018 ജൂൺ മാസം 9-ാം തീയതി രൂപതാ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യാമറിയത്തിന്റെ വിമലഹൃദയ തിരുനാൾ ദിവസം കോതമംഗല രൂപതയുടെ പ്രഥമ രൂപതാദിനാഘോഷം നടത്തി. കത്തീഡ്രൽ പള്ളിയിൽ ഉച്ചകഴിഞ്ഞ് 2.30-ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവും ബഹു. ജനറാളച്ചന്മാരും ജോർജ് കുരുക്കൂർ അച്ചനും രൂപതയിലെ വൈദികഗണം മുഴുവനും സഹകാർമ്മികരായിരുന്നു. രൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പേഴ്സും സംഘടനകളുടെ രൂപതാഭാരവാഹികളും എല്ലാ പള്ളികളിൽ നിന്നുമുള്ള കൈക്കാരന്മാരും സന്യാസ സഭാപ്രതിനിധികളുമാണ് വി. കുർബ്ബാനയിൽ പങ്കെടുത്തത്. ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ വചനസന്ദേശം നൽകി.





വി. കുർബ്ബാനയ്ക്ക് ശേഷം ലഘു ഭക്ഷണം കഴിഞ്ഞ് ഓഡിറ്റോറിയത്തിൽ സമ്മേളിച്ചപ്പോൾ രൂപതയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളുൾപ്പെടുത്തിക്കൊണ്ടുള്ള ഓഡിയോ വിഷ്വൽ പ്രോഗ്രാം നടത്തി. തുടർന്നു നടന്ന പൊതു സമ്മേളനത്തിൽ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ അദ്ധ്യക്ഷനായിരുന്നു. മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവ് രൂപതാദിന സന്ദേശം നൽകി. പ്രസ്തുത മീറ്റിംഗിൽ വിവിധ മേഖലകളിൽ സ്തുത്യർഹമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന താഴെ പറയുന്ന 5 പേരെ പ്രത്യേകം ആദരിച്ചു. സാമൂഹ്യവികസന മേഖല - ശ്രീ. പി. ജെ. ജോസഫ്, കലാസാഹിത്യം - ശ്രീ ബേബി ജോൺ കലയന്താനി, ദൈവശാസ്ത്രം - റവ. ഡോ. ജോർജ്ജ് കാരക്കുന്നേൽ, സഭാപ്രബോധനം - റവ. ഡോ. ജോർജ്ജ് കുരുക്കൂർ, ആരോഗ്യപരിപാലനം - ഡോ. സി. പെട്രീഷ എം.എസ്.ജെ.. ശ്രീ ബേബി ജോൺ എഴുതി ഈണം കൊടുത്ത രൂപതാ ആന്തം രൂപതാഗായകസംഘം ആലപിച്ചു. റവ. ഫാ. പോൾ ഇടത്തൊട്ടി, റവ. ഫാ. സിജൻ ഊന്നുകല്ലേൽ, റവ. സി. ലൂസിറ്റ എഫ്.സി.സി., ശ്രീ ബിജു പറയനിലം, ശ്രീമതി ആനി ജോസഫ് ഇളയിടത്ത് എന്നിവർ ആശംസകളർപ്പിച്ചു. 5.45-ന് യോഗം അവസാനിച്ചു.

രൂപതാദിനം സമുചിതമായി നടത്തുവാൻ സഹകരിച്ച എല്ലാവർക്കും പങ്കെടുത്തവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

*Chancellor*

## മൈനർ സെമിനാരി

### *MS 18 /2018* മൈനർസെമിനാരിയിലെ നവാഗതർ

1. കിഴക്കേക്കുറ്റ് ജോസഫ് (അജോ), കലയന്താനി
2. കൊട്ടാരത്തിൽ മാത്യു (എബിൻ), ചെപ്പുകുളം
3. കുറുമാംതോട്ടത്തിൽ തോമസ്, കോലടി
4. കുറ്റിയാനിമറ്റത്തിൽ സ്കറിയ (ആൽഫിൻ), കലയന്താനി
5. മഠത്തിക്കണ്ടത്തിൽ ജോർജ്ജ് (ഫെബിൻ), കരിമണ്ണൂർ
6. മാപ്പിളക്കുന്നേൽ സൈമൺ പീറ്റർ (അലൻ), കരിമണ്ണൂർ
7. മുല്ലശ്ശേരിൽ ജോസഫ് (ജോസ്), കുളപ്പുറം
8. നടുക്കുടിയിൽ ജോസഫ് (റ്റിജോ), പെരിങ്ങഴ
9. പള്ളിച്ചാംകുടിയിൽ തോമസ് (അലൻ), കാരക്കുന്നം

10. പുത്തൻപുരയ്ക്കൽ ജോസഫ് (ആന്റോ), കോലടി
11. തെക്കേൽ ജോർജ്ജ് (പാട്രിക്), നെയ്യശ്ശേരി

*MS 19 /2018* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Swapna Abraham Parayannilam, Muthalakodam | ₹ | 25,000 |
| 2 | CML Muthalakodam | ₹ | 5,000 |
| 3 | CML Muthalakodam Mekhala | ₹ | 1,500 |
| 4 | Antony George Oliapuram, Cathedral | ₹ | 20,000 |
| 5 | CML Nediakad | ₹ | 5,000 |
| 6 | One Benefactor | ₹ | 1,500 |
| 7 | St. Sebastian's Church, Neyyassery | ₹ | 20,000 |
| 8 | CML Neyyassery | ₹ | 10,000 |
| 9 | John Tharian Elenjickal | ₹ | 5,000 |

*Rector*

## വിജ്ഞാനഭവൻ

*V. 81/2018* **വിശ്വാസപരിശീലകരുടെ രൂപതാകൺവെൻഷൻ ജൂലൈ-14 ശനി**

രൂപതയിലെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ **ജൂലൈ 14 ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ** വച്ച് നടക്കുന്നു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ ബഹു. വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും ഹെഡ്മാസ്റ്റർമാരെയും വിശ്വാസപരിശീലകരെയും രൂപതാ കൺവെൻഷനിലേക്ക് ആദരപൂർവ്വം സ്വാഗതം ചെയ്യുന്നു. **കൺവെൻഷൻ തീർന്നതിനുശേഷം മാത്രമേ അധ്യാപകർ പോകാവൂ എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു.**

**മികച്ച സൺഡേ സ്കൂളുകൾക്കുള്ള സമ്മാനങ്ങൾ തദവസരത്തിൽ വിതരണം ചെയ്യുന്നതാണ്.**

*V. 82/2018* **നവാഗതരായ അദ്ധ്യാപകർക്ക് നന്ദി**

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂൺ 23, 24 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ നടന്നു. ഫാ. ജിമ്മി പൂച്ചക്കാട്ട്, ഫാ. ജെയിംസ് തൊട്ടിയിൽ, ഫാ. സിറിയക് ഞാളൂർ, ശ്രീ. ഷാജി മാലിപ്പാറ, ശ്രീ. സെബിച്ചൻ, ശ്രീ. പ്രജീഷ് എന്നിവർ ക്ലാസ്സുകൾ





നയിച്ചു. 95 അദ്ധ്യാപകർ സെമിനാറിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവ് ട്രെയിനിംഗ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സെമിനാറിന് വന്ന അദ്ധ്യാപകർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും നന്ദി.

*V. 83/2018* **ലോഗോസ് ക്വിസ് 2018**

രജിസ്ട്രേഷൻ ജൂൺ 1-ാം തീയതി ആരംഭിച്ച് ജൂലൈ 31-ാം തീയതി അവസാനിക്കുന്നതായിരിക്കും.
രജിസ്ട്രേഷൻ ഫീസ് 10 രൂപ.
മത്സരത്തിനുള്ള പാഠഭാഗങ്ങൾ:
**1) നിയമാവർത്തനം 1-11 2) പ്രഭാഷകൻ 1-10**
**3) വി. മത്തായി 10-18 4) വെളിപാട് 10-16**
പഠനത്തിനായി ഉപയോഗിക്കേണ്ടത് POC ബൈബിളും, ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്.

| | |
|---|---|
| **രൂപതാതലമത്സരം** | - **2018 സെപ്റ്റംബർ 30** |
| **പരീക്ഷാ സമയം** | - **2.00 pm - 3.30 pm** |
| **സംസ്ഥാനതല മത്സരം** | - **2018 നവംബർ 11, 2.00 pm മുതൽ** |
| **സംസ്ഥാനതല ഫൈനൽമത്സരം** | - **2018 നവംബർ 22-25** |

**സമ്മാനങ്ങൾ :**

**ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധ നാട് തീർത്ഥാടനം**

**അഖിലകേരളതലം** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം - 15000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
2-ാം സമ്മാനം - 10000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
3-ാം സമ്മാനം - 5000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
4-ാം സമ്മാനം - 1000 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും (ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)
5-ാം സമ്മാനം - 500 രൂപ

**രൂപതാതലം** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം - 2000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം - 1500 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം - 1000 രൂപയും സർട്ടിഫിക്കറ്റും
4-ാം സമ്മാനം - 500 രൂപയും സർട്ടിഫിക്കറ്റും
5-ാം സമ്മാനം - 250 രൂപയും സർട്ടിഫിക്കറ്റും 3 പേർക്ക് വീതം.

- ★ 90-നും-100-നും ഇടയ്ക്കും 80-നും-89-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന എല്ലാ പ്രായവിഭാഗക്കാർക്കും KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹന സമ്മാനങ്ങളും.
- ★ 60-നും 69-നും ഇടയ്ക്കും 70-നും 79-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹന സമ്മാനങ്ങളും നല്കുന്നതാണ്.
- ★ 70-നും 79-നും ഇടയ്ക്ക് മാർക്കുവാങ്ങുന്ന B, C, D, E, F പ്രായവിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
- ★ ഏറ്റവും കൂടുതൽ സിസ്റ്റേഴ്സ് പങ്കെടുക്കുന്ന കോൺഗ്രിഗേഷന് സമ്മാനം.
- ★ ഇടവകാംഗങ്ങളുടെ മൊത്തം എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.
- ★ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.
- ★ അഞ്ചാം ക്ലാസ്സ് മുതലുള്ള എല്ലാ കുട്ടികളും പങ്കെടുക്കുന്ന ഇടവകയ്ക്ക് (ഇവിടെ നല്കുന്ന സ്റ്റേറ്റുമെന്റ് പ്രകാരം) പ്രത്യേക സമ്മാനം.
- ★ ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന സൺഡേ സ്കൂൾ അധ്യാപകർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**പ്രത്യേകം ശ്രദ്ധിക്കുക:**

- ☞ 10 രൂപ നല്കി മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്ത ആരെയും പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതല്ല.
- ☞ രജിസ്ട്രേഷൻ നടത്തിയവർക്ക് പകരം പരീക്ഷയെഴുതുവാൻ ആർക്കും അനുവാദമില്ല.
- ☞ ലോഗോസ് ക്വിസിന് പേര് രജിസ്റ്റർ ചെയ്തിട്ട് പരീക്ഷ എഴുതാത്ത സൺഡേസ്കൂൾ കുട്ടികളുണ്ടെങ്കിൽ അവരുടെ attendance register-ൽ അക്കാര്യം നോട്ട് ചെയ്യേണ്ടതാണ്.
- ☞ രണ്ട് ലിസ്റ്റുകൾ പ്രിന്റ് എടുത്ത് തരേണ്ടതാണ്.
- ☞ സൺഡേ സ്കൂൾ അദ്ധ്യാപകരുടെ പേരിന് നേരെ T എന്ന് ബ്രായ്ക്കറ്റിൽ ചേർക്കേണ്ടതാണ്.
- ☞ സിസ്റ്റേഴ്സിന്റെ പേരിനു നേരെ കോൺഗ്രിഗേഷൻ ഏതാണെന്ന് രേഖപ്പെടുത്തേണ്ടതാണ്. (അവസാനത്തെ രണ്ടു നിർദേശങ്ങൾ കൃത്യമായി പാലിക്കാത്തവരെ സമ്മാനത്തിന് പരിഗണിക്കുന്നതല്ല.)





For on-line registration visit www.logosquiz.org. / www.keralabiblesociety.com

*V. 84/2018* **SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷൻ**

SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷന്റെ ഫോം എന്നിവ തരുന്നതിനുള്ള അവസാന തീയതി ജൂലൈ 31 ആണ്. പ്രൈവറ്റ് രജിസ്ട്രേഷൻകാരുടെ പേരുകൾ A, B Form -ൽ ചേർക്കേണ്ടതാണ്. റിമാർക്സ് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. **ചോദ്യപേപ്പറിന്റെ എണ്ണത്തിന്റെ കൂടെ ഇവരുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അക്കാര്യം പ്രത്യേകം അറിയിക്കണം.**

*V. 85/2018* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി രൂപീകരിച്ച് കാണുമല്ലോ. പി.റ്റി.എ. കമ്മിറ്റിയംഗങ്ങളുടെ ലിസ്റ്റ് തന്നിരിക്കുന്ന ഫോമിൽ ജൂലൈ 10-ന് മുമ്പ് തരേണ്ടതാണ്.

*V. 86/2018* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

മുൻവർഷത്തേതുപോലെ ഈ വർഷവും കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 10 രൂപയാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ജൂലൈ 31-ന് മുമ്പ് ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം അറിയിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 87/2018* **സൺഡേ സ്കൂൾ ബാഗ്**

പുതിയ സൺഡേ സ്കൂൾ ബാഗ് വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്ന് ലഭ്യമാണ്. വില 70, 130.

*V. 88/2018* **സൺഡേ സ്കൂൾ ഡയറി**

മികച്ച സൺഡേ സ്കൂൾ ഡയറിക്ക് സമ്മാനം ഉണ്ടായിരിക്കും. ജൂലൈ 31-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കണം. 60 പേജിൽ കൂടാൻ പാടില്ല.

*V. 89/2018* **തിയോളജി കോഴ്സ്**

മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഈ വർഷവും ദൈവശാസ്ത്രപഠന കോഴ്സ് നടത്തുന്നുണ്ട്. വിശ്വാസപരിശീലകർ എല്ലാവരും ഈ

കോഴ്സിൽ പങ്കെടുക്കുന്നത് വളരെയേറെ സഹായകവും ആവശ്യവുമാണ്. കാരണം, വിശ്വാസത്തെയും, ബൈബിളിനെയും, സഭയെയും കുറിച്ചുള്ള കുട്ടികളുടെ (മുതിർന്നവരുടെയും) സംശയങ്ങൾക്ക് മറുപടി നൽകുന്നതിനും അവർക്ക് കൂടുതൽ ബോധ്യങ്ങൾ പകർന്നു നൽകുന്നതിനും വിശ്വാസപരിശീലകർക്ക് കടമയുണ്ട്. ഇതിന് ദൈവശാസ്ത്രത്തിന്റെ വിവിധമേഖലകളെക്കുറിച്ചുള്ള സാമാന്യമായ ഒരവബോധം അനിവാര്യമാണ്. നമ്മുടെ രൂപതയിലെ കുറെയേറെ വിശ്വാസപരിശീലകർ ഈ കോഴ്സിൽ പങ്കെടുത്തിട്ടുണ്ട് എന്നത് വളരെ നല്ലതാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽ നമ്മുടെ എല്ലാ വിശ്വാസ പരിശീലകരും ദൈവശാസ്ത്രകോഴ്സിൽ പങ്കെടുക്കണം. സൺഡേ സ്കൂളുകളുടെ ഗ്രേഡിംഗിൽ ഈ കോഴ്സിലെ വിശ്വാസപരിശീലകരുടെ പങ്കാളിത്തം കൂടി ഒരു മാനദണ്ഡമായിരിക്കും.

**ഒരു വിശ്വാസപരിശീലകൻ പങ്കെടുത്ത് സർട്ടിഫിക്കറ്റ് ലഭിച്ചാൽ 20 മാർക്ക് വീതം സൺഡേ സ്കൂളിന് ലഭിക്കുന്നതാണ്. പരമാവധി 100 മാർക്ക് വരെയാണ് ലഭിക്കുകയുള്ളു.**

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 24/2018*

കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഓഫീസിലേക്ക് അയച്ചുതരേണ്ട ഫോറങ്ങൾ യഥാസമയം വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് അയച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. Catechism/ Moral Science Order Form ഇനിയും അയച്ചുതന്നിട്ടില്ലാത്തവർ എത്രയും വേഗം അയച്ചു തരേണ്ടതാണ്. കോർപ്പറേറ്റിന്റെ ഇമെയിൽ ഐഡി “kothamangalamcorporate@gmail.com.”; website: www. kothamangalam corporate.com എന്നിങ്ങനെയാണ്. ഓരോന്നിന്റെയും സമയപരിധി എല്ലാ പ്രധാന അദ്ധ്യാപകരുടെയും അറിവിലേക്കായി താഴെ ചേർത്തിരിക്കുന്നു.

| | |
|---|---|
| 1. Staff Statement 01-06-2018 വച്ച് | 20-06-2018 |
| 2. Proposal 6th working day Strength | 20-06-2018 |
| 3. Order Form Catechism/ Moral Science | 20-06-2018 |
| 4. M.G. Applications | 30-08-2018 |
| 5. Fitness Applications | 15-01-2019 |
| 6. Annual School Report | 15-01-2019 |





*Edn. 25/2018* **പ്രൊബേഷൻ**

പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും രൂപതാവിദ്യാഭ്യാസ ഓഫീസിൽനിന്നും ലഭിക്കുന്ന ഫോറം മേലധികാരിയെക്കൊണ്ട് (മാനേജർ/പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ) പൂരിപ്പിച്ച് യഥാസമയം രൂപതാവിദ്യാഭ്യാസ ഓഫീസിൽ എത്തിക്കേണ്ടതാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ വരേണ്ടത് മുൻകൂട്ടി അറിയിച്ചിട്ടായിരിക്കണം.

*Secretary*

# സോഷ്യൽ സർവീസ്

*SS. 24 /2018* **ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതി**

ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതി വഴി 2018 മെയ് മാസം 56 രോഗികൾക്കായി 299500/- രൂപ ചികിത്സാസഹായം നല്കി.

*SS. 25 /2018* **ക്രെഡിറ്റ് യൂണിയൻ നേതൃസംഗമം**

2018 ജൂൺ 29 ചൊവ്വ കോതമംഗലം കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് ക്രെഡിറ്റ് യൂണിയൻ ലീഡേഴ്സിന് ഏകദിന സെമിനാർ നടത്തി.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 26/2018* **രൂപതാ കൗൺസിലും വാർഷികവും**

2018 ജൂലൈ 21 -ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് രാവിലെ 9.30-ന് രൂപതാ കൗൺസിലും വാർഷികവും നടത്തപ്പെടുന്നു. ശാഖാ ഭാരവാഹികളും ആനിമേറ്റേഴ്സും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. മതബോധനത്തിൽ 10,+2 ക്ലാസ്സിൽ 90 ശതമാനമോ അതിൽ കൂടുതലോ മാർക്ക് കിട്ടിയ കുട്ടികളെ രൂപതാകൗൺസിലിൽ വച്ച് ആദരിക്കുന്നു. അവരുടെ പേരുകൾ ജൂലൈ 15-ന് മുമ്പായിട്ട് മിഷൻലീഗ് ഓഫീസിൽ നൽകുമല്ലോ.

*CML 27/2018* **രൂപതാസാഹിത്യമത്സരം**

രൂപതാസാഹിത്യമത്സരം ഓഗസ്റ്റ് 4-ന് മേഖലാകേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടും. സാഹിത്യമത്സരാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 20-ന് ആരംഭിക്കും.

*CML 28/2018* **മികച്ച ശാഖകൾ, മേഖലകൾ**

2017-18 പ്രവർത്തനവർഷത്തെ മികച്ച ശാഖകളും മേഖലകളും

| A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|
| I തൊടുപുഴ | I കദളിക്കാട് | I പെരുമ്പിള്ളിച്ചിറ |
| II മുതലക്കോടം | II ആനിക്കാട് | II രണ്ടാർ, മാതിരപ്പിള്ളി |
| III പൈങ്ങോട്ടൂർ | III നെല്ലിക്കുഴി | III നാടുകാണി |

**മികച്ച മേഖലകൾ**

I തൊടുപുഴ

II കോതമംഗലം

III വാഴക്കുളം

*CML 29/2018* **മേഖലാ ഡയറക്ടേഴ്സ് & അസിസ്റ്റന്റ് ഡയറക്ടേഴ്സ്**

| | | |
|---|---|---|
| 1 | കോതമംഗലം | : റവ. ഫാ. മാത്യൂസ് മാളിയേക്കൽ<br>റവ. ഫാ. ഇമ്മാനുവൽ മുണ്ടയ്ക്കൽ |
| 2 | ഊന്നുകൽ | : റവ. ഫാ. ഫ്രാൻസീസ് കീരംപാറ<br>റവ. ഫാ. മാത്യു മുണ്ടയ്ക്കൽ (Jr) |
| 3 | മൂവാറ്റുപുഴ | : റവ. ഫാ. ആന്റണി പുത്തൻകുളം<br>റവ. ഫാ. ആന്റണി ഞാലിപ്പറമ്പിൽ |
| 4 | വാഴക്കുളം | : റവ. ഫാ. കുര്യാക്കോസ് കൊടകല്ലിൽ<br>റവ. ഫാ. ജേക്കബ് റാത്തപ്പിള്ളിൽ |
| 5 | തൊടുപുഴ | : റവ. ഫാ. ജോർജ്ജ് തടിക്കാട്ട്<br>റവ. ഫാ. വർഗീസ് പാറമ്മേൽ |
| 6 | മുതലക്കോടം | : റവ. ഫാ. ജോസഫ് അടപ്പൂർ<br>റവ. ഫാ. ജോർജ്ജ് കൊച്ചുതറ |
| 7 | കരിമണ്ണൂർ | : റവ. ഫാ. ജോൺ ഇളഞ്ഞേടത്ത്<br>റവ. ഫാ. മാത്യു മേക്കൽ |
| 8 | കാളിയാർ | : റവ. ഫാ. ജോൺ ആനിക്കോട്ടിൽ<br>റവ. ഫാ. പോൾ കളത്തൂർ |

*Director*





# കെ.സി.എസ്.എൽ.

*KCSL 13/2018* **രൂപതാ കൗൺസിൽ പ്രവർത്തനവർഷാരംഭം**

ജൂൺ 15-ന് 2018-19 വർഷത്തെ രൂപതാ കൗൺസിലും പ്രവർത്തനവർഷാരംഭവും അഭിവന്ദ്യപിതാവ് നിർവഹിച്ചു. മികച്ച ആനിമേറ്ററായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി മോളി ജോൺ, മികച്ച യൂണിറ്റുകൾ, $A^+$, $A^1$ നേടിയവർ, മികവിന്റെ താരം എന്നിവർക്കുള്ള ബഹുമതികൾ സമ്മാനിച്ചു. വരുന്ന വർഷത്തെ ഭാരവാഹി തെരഞ്ഞെടുപ്പ് നടന്നു.

*KCSL 14/2018* **മികച്ച യൂണിറ്റുകൾ**

**HSS വിഭാഗം**

1. സെന്റ് ജോസഫ് HSS, പൈങ്ങോട്ടൂർ
2. സെന്റ് അഗസ്റ്റിൻ GHSS, കോതമംഗലം
3. സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്

**HS വിഭാഗം**

1. സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്
2. സെന്റ് അഗസ്റ്റിൻസ് GHSS, കോതമംഗലം
3. ജയ്റാണി EMHS, തൊടുപുഴ

**UP വിഭാഗം**

1. സെന്റ് ജോർജ് UPS, കല്ലാനിക്കൽ
2. സെന്റ് സെബാസ്റ്റ്യൻസ് UPS, തൊടുപുഴ
3. സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്

രൂപത നിർവ്വാഹക സമിതിയിലേക്ക് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർ.

റവ. സി. ടെസി ജോൺ SH (SHHSS ആയവന) യു.പി. വിഭാഗം ആനിമേറ്റർ

ശ്രീ. ജോജി സെബാസ്റ്റ്യൻ എക്സിക്യൂട്ടീവ് മെമ്പർ (SMUPS രണ്ടാർ)

**വിദ്യാർത്ഥിഭാരവാഹികൾ**

ചെയർമാൻ- റോബിൻ ജെയിംസ് (SMHSS കാളിയാർ)

ജനറൽ സെക്രട്ടറി - ആൻ മരിയ ജോഷി (VMHSS കദളിക്കാട്)

**HSS വിഭാഗം സെക്രട്ടറിമാർ**

1) ഡോൺ ജോസഫ് (SHHSS ആയവന)

2) സിയമരിയ ജയിസൺ (SSHSS ആനിക്കാട്)

**HS വിഭാഗം സെക്രട്ടറിമാർ**

1) എബി ഷാജൻ (SJHSS പൈങ്ങോട്ടൂർ)

2) അലീന ജോബി (SAGHSS കോതമംഗലം)

**UP വിഭാഗം സെക്രട്ടറിമാർ**

1) സിജോ റ്റി ജോൺ (SXPS പോത്താനിക്കാട്)

2) ഡോണ മാർട്ടിൻ (SGUPS കല്ലാനിക്കൽ)

3) ആൻട്രീസ സാബു (SHGHS മുതലക്കോടം)

പുതിയ ഭാരവാഹികൾ ജൂൺ 30-ന് ആനിമേറ്റേഴ്സ് കോൺഫറൻസിൽ സത്യപ്രതിജ്ഞ ചെയ്തു.

*KCSL 15/2018* **തിരുവചന ബോർഡ്**

ബൈബിൾ വചനമാധുര്യം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനായി എല്ലാ യൂണിറ്റുകളിലും ജൂലൈ 6-ന് തിരുവചന ബോർഡുകൾ സ്ഥാപിക്കണം.

*KCSL 16/2018* **ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്**

ഇന്റർ സ്കൂൾ ബൈബിൾ ക്വിസിന്റെ പ്രാഥമിക റൗണ്ട് മത്സരങ്ങൾ ജൂലൈ 27-ന് റീജിയണൽ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ഒരോ വിഭാഗത്തിൽ നിന്നും 2 പേർ അടങ്ങുന്ന ഒരു ടീമാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. വെബ്സൈറ്റ് വഴിയായി ജൂലൈ 20-ന് മുമ്പ് ടീമുകൾ രജിസ്റ്റർ ചെയ്യണം.

*KCSL 17/2018* **സേവന ദിനം**

ജൂലൈ 20 വെള്ളിയാഴ്ച സേവനദിനമായി ആചരിക്കുന്നു. ഓരോ യൂണിറ്റിനും അനുയോജ്യമായ രീതിയിൽ കെ.സി.എസ്.എൽ അംഗങ്ങൾ ഈ ദിനപ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.

*Director*

# ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 39/2018* **പോസ്റ്റ്മാര്യേജ്കൂട്ടായ്മ**

2017ജൂൺ-ജൂലൈ മാസങ്ങളിൽ NESTT-ൽ Pre-marriage കോഴ്സിൽ പങ്കെടുത്തവരുടെ കുടുംബസമ്മേളനം ജൂലൈ 15 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തും. കൂട്ടായ്മയോടനുബന്ധിച്ച് വി.കുർബ്ബാന, ദിവ്യകാരുണ്യആരാധന,





അനുഭവങ്ങൾ പങ്കുവയ്ക്കൽ, സ്നേഹവിരുന്ന് എന്നിവയും നടത്തപ്പെടും.

*FA 40/2018* **രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 18 ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു.

*FA 41/2018* **രാത്രിആരാധന**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള രാത്രിആരാധന ജൂലൈ 13 വെള്ളി വൈകിട്ട് 6 മുതൽ രാത്രി 1 മണിവരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽവച്ച് നടത്തപ്പെടുന്നു.

*FA 42/2018* **ജൂബിലിദമ്പതീധ്യാനം**

ജൂബിലിദമ്പതീധ്യാനം ജൂലൈ 20 വെള്ളി വൈകിട്ട് 4 മുതൽ 22-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 43/2018* **Marriage Preparation Courses in Kerala, 2018 July**

| DIOCESE / ARCHDIOCESE | PHONE NUMBER | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|---|
| ALAPPUZHA | 8113934970 | | 13-15 | | |
| CHANGANACHERRY | 0481-2424476 | 6-8 | | 16-18 | 23-25 |
| ERNAKULAM (KALOOR) | 0484-2533077 | 2-4 | 8-10 | 16-18 | 23-25 30-1 |
| ERNAKULAM (KALADY) | 0484-2462607 | 3-5 | | 17-19 | |
| IDUKKI | 04864222632,9447777935 | | | 20-22 | |
| IRINJALAKUDA | 0480-2880439,9447992216 | 2-4 | | | 23-25 |
| KANJIRAPPALLY | 0482-8205628,9497096431 | 2-4 | | | 26-28 |
| KANNUR | 8281094466 | 1-4 | | | |
| KOCHI (LATIN) | 0484-2328077,8547723791 | | 12-15 | | 26-29 |
| KOLLAM (LATIN) | 0474-2749349,9645671314 | 4-6 | 11-13 | | 25-27 |
| KOTHAMANGALAM | 0485-2989222,9495011191 | 4-6 | | 18-20 | |
| KOTTAPPURAM (LATIN) | 0480-2807733,9446605551 | 4-6 | | | |
| KOTTAYAM | 04812790947,9495080049 | | 12-14 | | |
| MANANTHAVADY | 0493-5241335,9567764944 | | 8-11 | | |
| MAVELIKKARA (MALANKARA) | 9447366149 | 6-8 | | | |

| | | | | | |
|---|---|---|---|---|---|
| NEYYATTINKARA (LATIN) | 9447005093 | | 11-13 | | |
| PALAI | 0482-2210049 | | | | 23-25 |
| PALAKKAD | 8281340073 | 2-5 | | | |
| PATHANAMTHITTA | 9496806089 | 6-8 | | | |
| SULTHANPETT | 9495911256 | | | 15-16 | |
| THALASSERY | 0490-2343414,9446679001 | 10-12 | | 24-26 | |
| THAMARASSERY | 0495-2730860,9495693810 | 10-13 | | | |
| THIRUVALLA | 9895556074 | | 10-12 | | 24-26 |
| THIRUVANTHAPURAM(LATIN) | 9895092479 | 6-8 | | | 23-25 |
| THIRUVANANTHAPURAM(MALANKARA) | 8304841964 | | 13-15 | | |
| THRISSUR | 0487-2336066,9605043327 | 4-6 | 11-13 | 18-20 | 25-27 |
| VARAPPUZHA | 0484-2393739 | 6-8 | | | |
| VIJAYAPURAM | 9447182300 | | 12-14 | | |

*Director*

## മാതൃവേദി

*MV 22/2018* **ഹൃദയംഗമമായ നന്ദി**

കഴിഞ്ഞ രണ്ടരവർഷം മാതൃവേദി ഡയറക്ടറായി സ്തുത്യർഹമായസേവനം ചെയ്ത ഫാ. സെബാസ്റ്റ്യൻ വലിയതാഴത്തിന് മെയ് 30 ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ സെനറ്റ് മീറ്റിംഗിൽ മാതൃവേദി അംഗങ്ങൾ ഒന്നുചേർന്ന് യാത്രാമംഗളങ്ങൾ നേർന്നു.

*MV 23/2018* **സ്നേഹോഷ്മളമായ സ്വാഗതം**

മാതൃവേദി ഡയറക്ടറായി നിയമിതനായ ബ. മാത്യു ചാമക്കാലായിൽ അച്ചന് ജൂൺ 13 ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ കമ്മിറ്റി സ്നേഹോഷ്മളമായ സ്വാഗതം നൽകി.

*MV 24/2018* **മാർഗ്ഗരേഖ പ്രകാശനം**

2018-2020 വർഷത്തിലേക്കുള്ള മാർഗ്ഗരേഖ പ്രകാശനവും ജനറൽ ബോഡി മീറ്റിംഗും നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ജൂലൈ 11-ാം തീയതി 10 മണിക്ക് നടത്തപ്പെടുന്നതാണ്. തദവസരത്തിൽ സെനറ്റ് അംഗങ്ങളും ഫൊറോന ഭാരവാഹികളും യൂണിറ്റ് ആനിമേറ്റർ സിസ്റ്റേ ഴ്സും യൂണിറ്റ് പ്രസിഡന്റുമാരും പങ്കെടുക്കുമല്ലോ.

*MV 25/2018* **JAN. 2018 മുതൽ MAY 2018 വരെ വിവാഹസഹായം നൽകിയ ഇടവകകൾ**

| | | | | |
|---|---|---|---|---|
| കദളിക്കാട് | - 5000 | | വാഴപ്പിള്ളി (ലാറ്റിൻ) | - 5000 |
| നടുക്കര | - 5000 | | കല്ലാനിക്കൽ | - 5000 |
| പഴമ്പിള്ളിച്ചാൽ | - 5000 | | പോത്താനിക്കാട് | - 5000 |
| ചെപ്പുകുളം | - 10,000 | | വടാട്ടുപാറ | - 5000 |
| തൊമ്മൻകുത്ത് | - 5000 | | വാഴക്കുളം | - 10000 |
| ഞായപ്പിള്ളി | - 10,000 | | മാറാടി | - 5000 |
| ഇഞ്ചൂർ | - 5000 | | നെടിയകാട് | - 5000 |
| പൊന്നന്താനം | - 5000 | | തൃക്കാരിയൂർ | - 5000 |
| വടകോട് | - 5000 | | അഞ്ചിരി | - 5000 |
| പന്നിമറ്റം | - 5000 | | ആരക്കുഴ | - 5000 |
| ആനിക്കാട് | - 10,000 | | കലൂർ | - 5000 |
| മേക്കടമ്പ് | - 5000 | | മലയിഞ്ചി | - 5000 |
| വേട്ടാമ്പാറ | - 5000 | | ഉടുമ്പന്നൂർ | - 5000 |
| മുണ്ടൻമുടി | - 5000 | | | |
| ആലക്കോട് | - 5000 | | | |
| കല്ലാനിക്കൽ | - 5000 | | | |

*Director*





## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 40/2018* **രൂപതാകമ്മിറ്റിയും അവലോകന യോഗവും**

ജൂൺ 8-ാം തീയതി 2.00 pm-ന് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ കമ്മിറ്റിയോഗം ചേർന്നു. മെയ് 14-ന് രൂപതയിൽ നടന്ന കർഷകജാഥയെക്കുറിച്ചും മെയ് 26-ന് പാലായിൽ നടന്ന സംസ്ഥാന സമ്മേളനത്തിലെ രൂപതാ ഡി.എഫ്.സിയുടെ പങ്കാളിത്തത്തെക്കുറിച്ചും യോഗത്തിൽ അവലോകനങ്ങൾ നടന്നു. രണ്ടു പരിപാടികളും വിജയിപ്പിക്കുവാൻ സഹകരിച്ചവർക്ക് യോഗത്തിൽ നന്ദി രേഖപ്പെടുത്തപ്പെട്ടു. ഡി.എഫ്.സി. സംസ്ഥാന അസി. ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ യോഗത്തിൽ പങ്കെടുത്തു.

*DFC 41/2018* **ഒരുകോടി കർഷക ഒപ്പുകൾ സമർപ്പിച്ചു**

രൂപതയിൽനിന്നും ശേഖരിച്ച 5 ലക്ഷം ഒപ്പുകൾ ഉൾപ്പെടെ, കാസർഗോഡു മുതൽ തിരുവനന്തപുരം വരെയുള്ള കർഷകരിൽ നിന്നും ശേഖരിച്ച ഒരു കോടി ഒപ്പുകൾ അടങ്ങിയ കർഷക നിവേദനം ജൂൺ

5-ന് ദീപികയുടെയും ഡി.എഫ്.സി. യുടെയും നേതാക്കൾ ചേർന്ന് മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. കർഷക പ്രശ്നങ്ങൾ പരിഹരിക്കാമെന്ന മുഖ്യമന്ത്രിയുടെ ഉറപ്പ് നേടാൻ കഴിഞ്ഞത് അഭിനന്ദനാർഹം തന്നെ യാണന്ന് വിലയിരുത്തപ്പെട്ടു.

*DFC 42/2018* **"ദീപിക നമ്മുടെ ഭാഷ" പദ്ധതി**

നമ്മുടെ രൂപതയിലെ എല്ലാ വിദ്യാലയങ്ങളിലേയും എല്ലാ ക്ലാസ്സു കളിലും, "ദീപിക നമ്മുടെ ഭാഷ" എന്ന പദ്ധതിയിൽപ്പെടുത്തി ദീപിക പത്രം എത്തിക്കുവാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് രൂപത വിദ്യാഭ്യാസ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി കുന്നേലിന്റേയും ഡി.എഫ്.സി. ഡയറക്ടർമാരുടേയും സംയുക്ത അഭ്യർത്ഥന ഇതിനോ ടകം എല്ലാ വിദ്യാലയങ്ങളിലും എത്തിച്ചിട്ടുള്ളത് ശ്രദ്ധിച്ചിരിക്കുമല്ലോ. ഒരു അദ്ധ്യയന വർഷത്തേക്ക് ഒരു പത്രത്തിന് 1000 രൂപ (അവധിദിന ങ്ങൾ ഒഴിച്ച്) മാത്രം ചെലവുവരുന്ന ഈ പദ്ധതി അനുസരിച്ച് സ്പോൺസേഴ്സിനെ കണ്ടെത്തിയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ വിദ്യാ ലയത്തിലെ എല്ലാ ക്ലാസ്സുകളിലും ദീപിക പത്രം എത്തിക്കുവാൻ ബന്ധ പ്പെട്ടവർ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*DFC 43/2018* **സഭാസ്ഥാപനങ്ങളിലെല്ലാം ദീപിക**

സഭയുടേയും സമുദായത്തിന്റെയും പത്രമായ ദീപിക സഭയുടെ എല്ലാ സ്ഥാപനങ്ങളിലും ഉണ്ടായിരിക്കുന്നത് അഭികാമ്യമാണല്ലോ. സ്ഥാപനാധികാരികൾ അതിനായി ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*DFC 44/2018* **യൂണിറ്റ് പുനഃസംഘടന**

ഡി. എഫ്. സി. പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കു ന്നതിനുവേണ്ടി ഇടവകയൂണിറ്റുകൾ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേ ശിക്കുന്നു. അടുത്ത മാസം മുതൽ നടപ്പാക്കേണ്ട ഇതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ വികാരിയച്ചന്മാരെ അറിയിക്കുന്നതായിരിക്കും.

*DFC 45/2018* **ഡ്രീം ലൈൻ പ്രോജക്റ്റ്**

ദീപിക പ്രോത്സാഹനത്തിനായി ഇടവകകളിൽ നടപ്പാക്കിക്കൊ ണ്ടിരിക്കുന്ന ഡ്രീം ലൈൻ പ്രോജക്റ്റ് ഇനിയും നടപ്പാക്കുന്ന ഇടവക കൾ സൗകര്യപ്രദമായ തീയതികൾ ഡയറക്ടറെ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു.

*Co-ordinator*





# യുവദീപ്തി

*YD 16/2018* **യുവജനദിനം**

ജൂലൈ 6 യുവജനദിനമാണെന്ന കാര്യം അറിവുള്ളതാണല്ലോ. യുവജനദിനത്തോടനുബന്ധിച്ച് ഇടവകയിലും ഫൊറോനയിലും സൗകര്യപ്രദമായ ദിനങ്ങളിൽ യുവജനദിനാഘോഷം സംഘടിപ്പിക്കു വാൻ ബഹു. ഡയറക്ടറച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*YD 17/2018* **രൂപതാ അർദ്ധവാർഷിക കൗൺസിൽ**

യുവദീപ്തി പ്രസ്ഥാനം 2018 പ്രവർത്തന പന്ഥാവിൽ 6 മാസ ങ്ങൾ പിന്നിട്ടു കഴിഞ്ഞു. ഇക്കാലയളവിലെ പ്രവർത്തനങ്ങൾ വിലയി രുത്തുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി രൂപതാ അർദ്ധവാർഷിക കൗൺസിൽ ജൂലൈ 14 ശനിയാഴ്ച മൂവാറ്റു പുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരി ക്കുന്നു. എല്ലാ ഫൊറോന ഭാരവാഹികളും 2017-18 പ്രവർത്തനവർഷ ത്തിലെ രൂപതാ ഭാരവാഹികളും, നിലവിലെ രൂപത ഭാരവാഹികളും ആണ് കൗൺസിലിൽ പങ്കെടുക്കേണ്ടത്.

*YD 18/2018* **ജിബിൻ മെമ്മോറിയൽ ക്വിസ് മത്സരം**

സഭയെയും യുവദീപ്തി പ്രസ്ഥാനത്തെയും അടുത്തറിയുന്ന തിനും മനസ്സിലാക്കുന്നതിനുമായി യുവദീപ്തി-കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ക്വിസ് മത്സരം ജൂലൈ 22-ാം തീയതി നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് നടക്കുന്നതാണ്. ജ്വലനം 2017, കെ.സി.വൈ.എം. ചരി ത്രം,കർമ്മ പദ്ധതി, സിനഡിന്റെ ഒരുക്കരേഖ എന്നീ വിഷയങ്ങളെ അധിഷ്ഠിതമാക്കിയുള്ള ചോദ്യങ്ങളാവും മത്സരത്തിനുണ്ടാവുക. ഫൊറോനയിൽ നിന്നും ഒന്നാം സ്ഥാനം ലഭിച്ച ഇടവകയിൽ നിന്നും രണ്ട് പേർ അടങ്ങുന്ന ടീമിനായിരിക്കും രൂപതയിൽ മത്സരിക്കാൻ യോഗ്യത.

NB: രൂപതാതല മത്സരത്തിൽ പങ്കെടുക്കാൻ ഇടവക വികാരി യുടെ സാക്ഷ്യപത്രം നിർബന്ധമാണ്. രജിസ്ട്രേഷൻ ഫീസ് 200 രൂപ യായിരിക്കും.

*YD 19/2018* **സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ രൂപതകൾക്കായുള്ള നേതൃത്വ പരിശീലന ക്യാമ്പ് കോതമംഗലം രൂപതയുടെ ആതിഥേയ

ത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ജൂലൈ 6,7,8 തീയതികളിൽ നടത്തപ്പെടുന്നു.

*YD 20/2018* **നന്ദിയും സ്വാഗതവും**

കഴിഞ്ഞ ഒരു വർഷക്കാലം ഫൊറോന ഡയറക്ടർമാരും അസി. ഡയറക്ടർമാരും ആയി സേവനമനുഷ്ഠിച്ച എല്ലാ ബഹു. വൈദികർക്കും കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ പേരിൽ നന്ദിയർപ്പിക്കുന്നു.

ഈ വർഷം ഫൊറോന ഡയറക്ടർമാരും അസി. ഡയറക്ടർമാരും ആയി നിയമിതരായിരിക്കുന്ന എല്ലാ ബഹു. അച്ചന്മാർക്കും ഹൃദ്യമായ സ്വാഗതമാശംസിക്കുന്നു. പേരുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആരക്കുഴ | - റവ. ഫാ. ജോർജ്ജ് പീച്ചാണിക്കുന്നേൽ |
| കാളിയാർ | - റവ. ഫാ. മാത്യു പുത്തൻകുളം |
| കരിമണ്ണൂർ | - റവ. ഫാ. തോമസ് കണ്ണംകുളം |
| | - റവ. ഫാ. മാത്യു മേയ്ക്കൽ (അസി.) |
| കോതമംഗലം | - റവ. ഫാ. ജോസ് പുൽപ്പറമ്പിൽ |
| | - റവ. ഫാ. ഇമ്മാനുവൽ മുണ്ടയ്ക്കൽ (അസി.) |
| മൈലക്കൊമ്പ് | - റവ. ഫാ. തോമസ് വട്ടത്തോട്ടത്തിൽ |
| മാറിക | - റവ. ഫാ. ജേക്കബ് വടക്കുംപറമ്പിൽ |
| | - റവ. ഫാ. ജോസഫ് കപ്യാരുമലയിൽ (അസി.) |
| മുതലക്കോടം | - റവ. ഫാ. ജോസഫ് നിരവത്ത് |
| മൂവാറ്റുപുഴ | - റവ. ഫാ. ജേക്കബ് മണ്ണത്തൂക്കാരൻ |
| ഊന്നുകൽ | - റവ. ഫാ. ജോൺ ഓണേലിൽ |
| പൈങ്ങോട്ടൂർ | - റവ. ഫാ. ജോർജ്ജ് വടക്കേൽ |
| | - റവ. ഫാ. പൗലോസ് നെടുംതടത്തിൽ (അസി.) |
| തൊടുപുഴ | - റവ. ഫാ. ജോൺ കടവൻ |
| | - റവ. ഫാ. വർഗീസ് പാറമേൽ (അസി.) |
| വാഴക്കുളം | - റവ. ഫാ. ജേക്കബ് റാത്തപ്പിള്ളിൽ |

*Director*

## ജീസസ് യൂത്ത്

*JY 18/2018* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ ജൂൺ 2-ന് നൈറ്റ് വിജിൽ നടത്തി. അടുത്ത നൈറ്റ് വിജിൽ ജൂലൈ 14-ന് നടത്തുന്നു.

*Animator*





## ഡി.സി.എം.എസ്.

*DCMS 6/2018* **D.C.M.S. സംസ്ഥാന കമ്മിറ്റി**

6-6-2018-ൽ എറണാകുളം പി.ഒ.സി.യിൽ വച്ച് നടന്ന D.C.M.S. സംസ്ഥാന ഭാരവാഹികളുടെ തെരഞ്ഞെടുപ്പിലും സത്യപ്രതിജ്ഞാ ചടങ്ങിലും കോതമംഗലം രൂപതയിൽനിന്ന് രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ, പ്രസിഡന്റ് ജോളി ജോസഫ്, ആനിമേറ്റർ സി. മെർളി പെരുമ്പനാനി എന്നിവർ പങ്കെടുത്തു.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 19/2018* **വന്യജീവി ശല്യത്തിനെതിരെ**

വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് ജീവനും സ്വത്തിനും സംരക്ഷണം നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വടാട്ടുപാറ ജന-വനസംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ ഭൂതത്താൻകെട്ടിന് സമീപമുള്ള ഫോറസ്റ്റ് റേഞ്ച് ആഫീസിന് മുമ്പിൽ ആരംഭിച്ചിരിക്കുന്ന അനിശ്ചിതകാല ഉപവാസ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ ഒരു ദിവസം ഉപവാസസമരത്തിൽ പങ്കെടുത്തു. യോഗത്തിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും കേരള ഗവൺമെന്റും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ട് ആവശ്യപ്പെട്ടു.

*AKCC 20/2018* **സൗജന്യ സ്കൂൾ ബാഗ് വിതരണം**

ശാരീരികവും മാനസികവുമായി ബുദ്ധിമുട്ടുന്ന കുട്ടികൾക്കായി പന്നിമറ്റത്ത് നടത്തുന്ന അനുഗ്രഹ സ്പെഷ്യൽ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ സൗജന്യ സ്കൂൾബാഗ് വിതരണം നടത്തി.

*Director*

## ഇൻഫാം

*INF 8 /2018* **റബ്ബർ കർഷകർ നേരിടുന്ന സാമ്പത്തിക ചൂഷണത്തിനെതിരെ**

വൻകിട വ്യവസായികളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ 12.5

ലക്ഷം വരുന്ന രാജ്യത്തെ സ്വാഭാവിക റബ്ബർ ഉല്പാദകരായ കർഷകർ ഇരകളാക്കപ്പെടുന്നതായി കാണാം. ഓരോ വർഷവും വൻതോതിൽ റബ്ബർ എത്തിയതുമൂലം ആഭ്യന്തരവിപണിയിൽ വിലയിടിഞ്ഞു. അതോടെ റബ്ബർ വില കിലോയ്ക്ക് 245 രൂപയിൽ നിന്നു 90 രൂപയായും പിന്നീട് 115-120 രൂപയിലുമെത്തി നിൽക്കുന്നു. ഇതിന്റെ ഫലമായി പ്രതിവർഷം 12,250 കോടിയുടെ നഷ്ടമാണ് റബ്ബർ കർഷകർക്കുണ്ടായത്. വ്യവസായികളും കേന്ദ്രസർക്കാരും ചേർന്ന് സ്വാഭാവിക റബ്ബർ ഉല്പാദകരായ കർഷകരെ ചൂഷണം ചെയ്ത് കോടികളാണ് തട്ടുന്നതെന്ന് ഇൻഫാം കുറ്റപ്പെടുത്തി. റബ്ബർ കർഷകർ നേരിടുന്ന സാമ്പത്തിക ചൂഷണത്തിനെതിരെ സംസ്ഥാന സർക്കാരും എം.പി.മാരും ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് ഇൻഫാം ആവശ്യപ്പെട്ടു.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM11/2018* **സോണൽ ഡയറക്ടേഴ്സ്**

കേരളാ ലേബർ മൂവ്മെന്റിന്റെ രൂപതാതല പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി രൂപതാസമിതിയെ കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ, കരിമണ്ണൂർ എന്നിങ്ങനെ നാല് സോണുകളായി തിരിച്ചു പ്രവർത്തനം ആരംഭിച്ചു.

സോണൽ ഡയറക്ടർമാരായി താഴെപ്പറയുന്നവരെ അഭിവന്ദ്യ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിയമിച്ചു.

| | | |
|---|---|---|
| റവ. ഫാ. ജോസഫ് കുന്നുംപുറത്ത് | - | കോതമംഗലം |
| റവ. ഫാ. ജോസഫ് കപ്യാരുമലയിൽ | - | മൂവാറ്റുപുഴ |
| റവ. ഫാ. ജോൺ വടക്കൻ | - | തൊടുപുഴ |
| റവ. ഫാ. പോൾ കളത്തൂർ | - | കരിമണ്ണൂർ |

പുതുതായി സോണൽ ഡയറക്ടർമാരായി നിയമിതരായ ബഹു. വൈദികർക്ക് രൂപതാസമിതിയുടെ അഭിനന്ദനങ്ങളും പ്രവർത്തന വിജയവും ഹൃദയപൂർവ്വം ആശംസിക്കുന്നു.

*KLM12/2018* **രൂപതാ നേതൃസമിതി**

സോൺ ഡയറക്ടർമാരുടേയും രൂപതാഭാരവാഹികളുടേയും പ്രഥമയോഗം മേയ് 23-ന് രൂപതാഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്തിന്റെ അധ്യക്ഷതയിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേർന്നു.





നിർമ്മാണമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് മണൽ, മെറ്റൽ എന്നിവയുടെ വിലനിയന്ത്രണം സർക്കാർ ഏറ്റെടുക്കണമെന്നും, തമിഴ്നാട് മോഡലിൽ പാവപ്പെട്ടവർക്ക് സിമന്റ് വില കുറച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും യോഗം ഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

കെ.എൽ.എം. യൂണിറ്റ് രൂപീകരിച്ചിട്ടുള്ള ഇടവകകളിൽ തൊഴിലാളിഫോറങ്ങൾ രൂപീകരിക്കുന്നതിനും അതാത് ഫോറങ്ങളിലെ തൊഴിലാളികളെ മാത്രം ഉൾപ്പെടുത്തി Self Help Group (S.H.G)കൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനും തീരുമാനിച്ചു.

*KLM 13/2018*

രൂപതാദിന സമ്മേളനത്തിൽ അഭിവന്ദ്യപിതാവ് കെ.എൽ.എം.ന്റെ നേതൃത്വത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള മൊബൈൽ പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനവും കെ.എൽ.എം ന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ചികിത്സാപദ്ധതിയായ പരസ്പര സഹായ സാമൂഹ്യ സുരക്ഷാപദ്ധതിയുടെ രൂപതാതല പ്രവർത്തനവും ജൂലൈ 3 -ന് ഉദ്ഘാടനം ചെയ്യുന്നു.

*KLM 14/2018*

കോതമംഗലം രൂപതയിലെ ഈറ്റ തൊഴിലാളികളെ ഉൾപ്പെടുത്തി കേരളാ ലേബർ മൂവ്മെന്റ് തൊഴിലാളിഫോറം രൂപീകരിച്ചു പ്രവർത്തിക്കുവാൻ തീരുമാനിച്ചു. അതുവഴി രൂപതയിലെ എല്ലാ ഈറ്റ തൊഴിലാളികളെയും സർക്കാർ ക്ഷേമപദ്ധതിയിൽ അംഗങ്ങളാക്കുവാൻ കഴിയും.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 15/2018* **പുതിയ ഭാരവാഹികൾ**

| | | |
|---|---|---|
| രൂപതാ പ്രസിഡന്റ് | - | ഫ്രാങ്കോ മേയ്ക്കാട്ടുകുളം |
| വൈസ് പ്രസിഡന്റ് | - | ഐപ്പ് വർക്കി മുട്ടിയാർകുന്നേൽ |
| സെക്രട്ടറി | - | റോസി ദേവസ്യ പൂനാട്ട് |
| ട്രഷറർ | - | കെ.പി. മാത്യു കുളങ്ങാട്ടുപാറ |
| ഫോർമേറ്റേഴ്സ് | - | 1) ബേബി തെക്കേക്കര<br>2) റോസമ്മ കുര്യൻ കൊല്ലമ്മാവുകുടിയിൽ |

3) സൂസി മേരി പള്ളത്ത്

കൗൺസിലേഴ്സ് : ഷിജി മാത്യു ചേറാടിൽ

വത്സ ടോമി ചവിട്ടാനിയിൽ

*SFO 16/2018* **2018-2019 വാർഷിക പദ്ധതി**

**2018**

| | | |
|---|---|---|
| ജൂലൈ 3 | - | സെമിനാർ |
| ആഗസ്റ്റ് | - | തീർത്ഥാടനം - തൊടുപുഴ റീജണൽ |
| സെപ്തംബർ | - | ഓണാഘോഷം, കലോത്സവം, കുടുംബസംഗമം |
| ഒക്ടോബർ 4 | - | അസ്സീസി തിരുനാൾ വാർഷികം |
| നവംബർ | - | പുത്തൻപറമ്പിൽ തൊമ്മച്ചൻ അനുസ്മരണ ദിനം, ആരക്കുഴ തീർത്ഥാടനം |
| ഡിസംബർ | - | ക്രിസ്തുമസ് ആഘോഷം, ഏകദിനധ്യാനം |

**2019**

| | | |
|---|---|---|
| ജനുവരി 5 | - | ഫോർമേഷൻ ക്ലാസ് |
| ഫെബ്രുവരി | - | തീർത്ഥാടനം |
| മാർച്ച് | - | ഏകദിന ധ്യാനം |
| ഏപ്രിൽ | - | റീജണൽ വാർഷികം - മൂവാറ്റുപുഴ |
| മെയ് | - | റീജണൽ വാർഷികം - വാഴക്കുളം |

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 20/2018* **കാർഡ് വിതരണം**

കോതമംഗലം രൂപതയുടെ ഔദ്യോഗികാംഗീകാരമുള്ള സുവിശേഷ പ്രവർത്തകരുടെയും, ആത്മീയ ഉപദേഷ്ടാക്കളുടെയും സെമിനാർ ജൂൺ 4, 5 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്നു.

കരിസ്മാറ്റിക് മുന്നേറ്റം കോതമംഗലം സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ സോണൽ സർവ്വീസ് ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. റവ. ഡോ. ജോൺ എഫ്. ചെറിയവെളി വി.സി. ക്ലാസ്സുകൾ നയിച്ചു.

5-ാം തീയതി കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. കാർഡ് വിതരണം നടത്തുകയും ചെയ്തു. 120-ൽപരം ശുശ്രൂഷകർ പങ്കെടുത്തു.





*PG 21/2018* **രജതജൂബിലി ആഘോഷങ്ങൾ**

കരിസ്മാറ്റിക് മുന്നേറ്റം കോതമംഗലം സോൺ രൂപീകൃതമായതിന്റെ രജത ജൂബിലിയേക്കുറിച്ചാലോചിക്കാൻ, കാരക്കുന്നത്ത് വച്ച് 19-06-2018 ചൊവ്വാഴ്ച 10.30 മുതൽ 4 മണി വരെ യോഗം ചേർന്നു.

പ്രാർത്ഥനാശുശ്രൂഷകൾക്ക് ശേഷം ആരംഭിച്ച യോഗനടപടികൾക്ക് പ്രാർത്ഥനാഗ്രൂപ്പ് സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ, സോണൽ കോ-ഓർഡിനേറ്റർ രാജേഷ് പിട്ടാപ്പിള്ളി എന്നിവർ നേതൃത്വം നൽകി. സോണൽ സർവ്വീസ് ടീം അംഗങ്ങൾ, സബ് സോൺ കോർ ടീം അംഗങ്ങൾ, മുൻകാല സോണൽ കോ-ഓർഡിനേറ്റേഴ്സ് എന്നിവർ സംബന്ധിച്ചു.

ഇടവക, സബ്സോൺ, സോണൽ തലങ്ങളിൽ ഏകദിന കൺവൻഷനുകളും, സോണിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്മരണികയും, പാർപ്പിടമില്ലാത്തവർക്കായി ഭവനവും, അനാഥശാലകളെ സഹായിക്കുന്ന തരത്തിലുള്ള മറ്റ് ജീവകാരുണ്യപ്രവർത്തനങ്ങളും നടത്തുവാൻ തീരുമാനിച്ചു.

ജൂബിലി ആഘോഷങ്ങളുടെ വിജയത്തിനായി കാരക്കുന്നം സെന്റ് മേരീസ് ദൈവാലയത്തിൽവച്ച് ജൂലൈ 6 ആദ്യവെള്ളിയാഴ്ച നൈറ്റ് വിജിൽ ഉണ്ടായിരിക്കും.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 30 /2018* **യൂത്ത് ക്യാമ്പ്**

കോതമംഗലം സി.സി.യുടെ ആഭിമുഖ്യത്തിൽ സൊസൈറ്റിയിലെ യുവജനങ്ങൾക്കായി ഒരു ക്യാമ്പ് നടത്തി. ജൂൺ 15, 16 തീയതികളിലായി മുവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തിയ ക്യാമ്പിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. സ്റ്റാൻലി കുന്നേൽ ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ഇന്റർ നാഷണൽ വൈസ് പ്രസിഡന്റ് ജനറൽ ബ്ര. ജോസഫ് പാൺഡ്യൻ, നാഷണൽ പ്രസിഡന്റ് ഡോ. ജോൺസൺ വർഗീസ്

എന്നിവർ ക്യാമ്പിലെത്തി യുവാക്കളുമായി ആശയവിനിമയം നടത്തി. പ്രശസ്ത നേതൃത്വ പരിശീലകനും വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നാഷണൽ കൗൺസിൽ അംഗവുമായ ബ്ര. ബിനു വെളിയനാടൻ ക്യാമ്പ് നയിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 89 യുവജനങ്ങൾ ക്യാമ്പിൽ സംബന്ധിച്ചു.

*Director*

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| July | 4 -6 | - Pre - Marriage Course |
| " | 6 | - CML Managing Committee |
| " | 6 - 8 | - KCYM State Leadership Camp |
| " | 9 - 11 | - Viswajyothi Engineering College Programme |
| " | 11 | - Mathruvedi കർമ്മ പദ്ധതി പ്രകാശനം |
| " | 13 - 14 | - Headmasters' Training Programme |
| " | 14 | - KCYM രൂപതാ അർദ്ധവാർഷിക കൗൺസിൽ |
| " | 17 | - Mathruvedi - Training Programme |
| " | 21 | - CML - രൂപതാ കൗൺസിൽ |
| " | 22 | - KCYM – രൂപതാ ക്വിസ് മത്സരം |
| " | 23 - 24 | - Young Priests' Seminar |
| " | 25 - 27 | - Pre - Marriage Course |
| " | 27 - 28 | - KCSL Bible Quiz |

*Director*

## വാർത്തയും വിശേഷങ്ങളും

### വചനസർഗപ്രതിഭാപുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി. ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയേയും നയിച്ച മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിന്റെ ബഹുമാനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗപ്രതിഭാപുരസ്കാരത്തിന് 2018-ലേയ്ക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മകസംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റിയാണ് പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000 രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

ബൈബിൾ കഥകളാണ് ഈ വർഷം അവാർഡിനായി പരിഗണിക്കുന്നത്. സംഗീതം, നൃത്തം (രണ്ടും മലയാളത്തിൽ), പെയിന്റിംഗ്, ശില്പകല എന്നീ മേഖലകളിലുള്ള സംഭാവനകളാണ് അവാർഡിനായി പരിഗണിക്കപ്പെടുന്നത്. വ്യക്തിയോ, സംരംഭമോ, പ്രസ്ഥാനമോ 2013 മുതൽ നല്കിയിട്ടുള്ള സംഭാവനകളെക്കുറിച്ചുള്ള വിവരങ്ങൾ ഇവിടെ സമർപ്പിക്കേണ്ടതാണ്. വിശുദ്ധഗ്രന്ഥത്തോട് പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ. ജാതിമതഭേദമെന്യേ ആരും അവാർഡിന് പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദ്ദേശിക്കാവുന്നതാണ്.

ആഗസ്റ്റ് 31 -ന് മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി.നമ്പർ 2251 കൊച്ചി 682025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.
ഫോൺ: 0484 2805897.





## തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Alex Thanikunnel | **July** | 9 |
| " | Kachiramattom Kuriakose | " | 15 |
| " | Kodakallil Kuriakose | " | 15 |
| " | Njaloor Cyriac | " | 15 |
| " | Aikkaramattam James | " | 25 |
| " | Arackal James | " | 25 |
| " | Choorathottiyil James | " | 25 |
| " | Ezhanikatt James | " | 25 |
| " | Kakkuzhi James | " | 25 |
| " | Kalapurackal Jacob | " | 25 |
| " | Kalapurayil James | " | 25 |
| " | Karakompil James | " | 25 |
| " | Kurianal James | " | 25 |
| " | Mannathukaran Jacob | " | 25 |
| " | Mundolickal James | " | 25 |

| | | | |
|---|---|---|---|
| Rev. Fr. | Panachickal James | **July** | 25 |
| " | Puthiyedath Jacob | " | 25 |
| " | Rathappillil Jacob | " | 25 |
| " | Thalappillil Jacob | " | 25 |
| " | Thayyil James | " | 25 |
| " | Vadakekudy James | " | 25 |
| " | Vadakel James | " | 25 |
| " | Vadakumparambil Jacob | " | 25 |
| " | Vararappally James | " | 25 |
| " | Vattappallil Jacob | " | 25 |

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മെയ് 2018**

21 • നിർമ്മല ഫാർമസി കോളേജിൽ നടന്ന കോൺവൊക്കേഷൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

22 • ദിവ്യകാരുണ്യ ആരാധന സന്ന്യാസിനീസഭാംഗമായ സി. ജോസ്‌ലിറ്റ് എസ്.എ.ബി.എസ്.-ന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മാറിക മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

23-25 • ദോഹയിലെ സീറോ-മലബാർ കൂട്ടായ്മയിൽ പങ്കുചേരുകയും പ്രഥമദിവ്യകാരുണ്യസ്വീകരണ തിരുക്കർമ്മങ്ങൾ നടത്തുകയും ചെയ്തു.

26 • കോതമംഗലം എം.എസ്.ജെ. ജനറലേറ്റ് ഹൗസിൽ നടന്ന നിത്യവ്രതവാഗ്ദാനകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു.

• പാലായിൽ വച്ചു നടന്ന ഡി.എഫ്.സി.യുടെ മീറ്റിംഗിൽ പങ്കെടുത്തു.

27 • നേര്യമംഗലം, സെന്റ് ജോസഫ്സ് ഇടവകപള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും 2018-2019 വർഷത്തെ വിശ്വാസപരിശീലനക്ലാസ്സുകളുടെ രൂപതാതല ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തു.





28 • സ്നേഹഗിരി മിഷനറി സന്ന്യാസിനീസമൂഹത്തിന്റെ സുവർണ്ണ ജൂബിലി ആരംഭം കുറിച്ചുകൊണ്ട് ഊന്നുകൽ എസ്.എം.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• പന്നിമറ്റം ഇടവകാംഗമായ മത്തിക്കണ്ടത്തിൽ ആന്റണിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

• വാഴക്കുളം ഇടവകാംഗവും സി.എസ്.റ്റി. സഭാംഗവുമായ മുണ്ടയ്ക്കൽ ജെയിംസ് അച്ചന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

29 • ബിഷപ്സ് ഹൗസിൽ വച്ചു നടന്ന നിർമ്മല, ന്യൂമാൻ എന്നീ കോളേജുകളിലെ വിവിധ Department Heads-ന്റെ യോഗത്തിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകി.

30 • കുളപ്പുറം, സെന്റ് മേരീസ് ഇടവകപള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പുതുതായി പ്രതിഷ്ഠിച്ച കൽക്കുരിശിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും ചെയ്തു.

• ഫ്രാൻസിസ്കൻ-ക്ലാരിസ്റ്റ് സഭാംഗമായ സി. റെയ്മണ്ട് എഫ്.സി.സി.-യുടെ മൃതശരീരത്തിങ്കൽ വാഴപ്പിള്ളി മഠം കപ്പേളയിൽ വച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• ചങ്ങനാശ്ശേരിയിൽ നടന്ന മെത്രാന്മാരുടെ റീജിയണൽ മാസധ്യാനത്തിൽ പങ്കുചേർന്നു.

**ജൂൺ 2018**

1 • എം.എസ്.ജെ. സന്ന്യാസിനീ സമൂഹത്തിൽപ്പെട്ട സി. ഡെയ്സിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് തങ്കളം, എം.എസ്.ജെ. പ്രൊവിൻഷ്യൽ ഹൗസിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• പാറപ്പുഴ, സെന്റ് ജോസഫ് ഇടവകപ്പള്ളിയിൽ നടന്ന രാത്രി ആരാധനയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പുതിയ അദ്ധ്യയനവർഷത്തിലേക്ക് പ്രവേശിച്ച കുട്ടികൾക്ക് പ്രത്യേകം ആശീർവാദം നൽകുകയും ചെയ്തു.

2 • കോതമംഗലം, സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ

പുതിയതായി ചേർന്ന വൈദികാർത്ഥികളെ സ്വീകരിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

3 • കൊല്ലം, ഫാത്തിമ മാതാ നാഷണൽ കോളേജ് അങ്കണത്തിൽവച്ച് കൊല്ലം രൂപതയുടെ പുതിയ ഇടയനായി അഭിഷിക്തനായ ഡോ. പോൾ ആന്റണി മുല്ലശ്ശേരിയുടെ മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുത്തു.

4 • തൊടുപുഴ, ന്യൂമാൻ കോളേജിൽ പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു.

• ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന വിവിധ സംഘടനകളുടെ രൂപതാഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

5 • കോതമംഗലം രൂപതയുടെ ഔദ്യോഗികാംഗീകാരമുള്ള വചനപ്രഘോഷകർക്കും ആത്മീയ ഉപദേഷ്ടാക്കൾക്കുമായി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തിയ സെമിനാറിൽ വി. കുർബായർപ്പിച്ച് സന്ദേശം നൽകുകയും സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തു.

5-7 • 5-ാം തീയതി മുതൽ 7-ാം തീയതി വരെ പാലാരിവട്ടം, പി.ഒ.സി.യിൽ വച്ചു നടന്ന കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

7 • എറണാകുളം ബസിലിക്ക ഇടവകാംഗമായ വള്ളമറ്റം വി. എം. കുര്യന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

8 • കോതമംഗലം കത്തീഡ്രൽ ഇടവകാംഗമായ കോലഞ്ചേരി അന്നാ പോളിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

9 • ഏഴല്ലൂർ ഇടവകാംഗമായ കുളത്തിനാൽ എൽസിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• രൂപതാദിനാചരണത്തിന്റെ ഭാഗമായി കോതമംഗലം കത്തീഡ്രലിൽ അർപ്പിച്ച സമൂഹബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്നു നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.





10 • അംബികാപുരം, സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

12 • ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന അസി. വികാരിമാരുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

13 • ഫ്രാൻസിസ്കൻ-ക്ലാരിസ്റ്റ് സഭാംഗമായ സി. പാവുള എഫ്.സി.സി.-യുടെ മൃതശരീരത്തിങ്കൽ വാഴപ്പിള്ളി മഠം കപ്പേളയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• ആനക്കല്ല്, സെന്റ് ആന്റണീസ് സ്കൂളിൽ നടന്ന "Young Achievers' Day"-യിൽ അദ്ധ്യക്ഷത വഹിക്കുകയും അവാർഡിന് അർഹരായ കുട്ടികൾക്ക് അവാർഡ് വിതരണം നടത്തുകയും ചെയ്തു.

14 • ദിവ്യകാരുണ്യആരാധനാ സന്ന്യാസിനീ സഭാംഗമായ സി. സിൽവെസ്റ്റർ എസ്.എ.ബി.എസ്.-ന്റെ മൃതശരീരത്തിങ്കൽ, മാറിക മഠം കപ്പേളയിൽ വച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• കോട്ടയം അതിരൂപതയുടെ മുൻ രൂപതാദ്ധ്യക്ഷൻ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് കോട്ടയം ക്രിസ്തുരാജാ കത്തീഡ്രലിൽ നടന്ന വി. കുർബാനയിൽ പങ്കെടുത്തു.

15 • മൂവാറ്റുപുഴ നെസ്റ്റിൽ കെ.സി.എസ്.എൽ-ന്റെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

• "തോമാശ്ലീഹായും ഭാരതപ്രേഷിതത്വവും" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഡോ. പയസ് മലേക്കണ്ടത്തിൽ നയിച്ച സെമിനാറിൽ പങ്കെടുത്തു.

• വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കുവേണ്ടി നടത്തിയ ധ്യാനത്തിൽ സന്ദേശം നൽകി.

- മൂവാറ്റുപുഴ, നിർമ്മല കോളേജിൽ നടന്ന ജീസസ് യൂത്തിന്റെ സംസ്ഥാനതലത്തിലുള്ള colloquium-ത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

16 • ഗ്രീൻ പാരീഷ് പദ്ധതിയുടെ ഭാഗമായി കീരംപാറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകപള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്ന് നടന്ന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

- തൊടുപുഴ, പ്രതീക്ഷാഭവനിൽ പുതിയതായി നിർമ്മിച്ച കപ്പേളയുടെ കൂദാശാകർമ്മവും പരിശീലന കേന്ദ്രത്തിന്റെ വെഞ്ചരിപ്പും നിർവഹിച്ചു.

17 • കോട്ടപ്പടി, സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

19 • തിരുഹൃദയ സന്ന്യാസിനീസഭാംഗമായ സി. സാലസ് എസ്. എച്ച്.-ന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മൈലക്കൊമ്പ് മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- മലയിഞ്ചി ഇടവകയുടെ ആഭിമുഖ്യത്തിൽ കൊച്ചുപറമ്പിൽ ജോസഫിന് നിർമ്മിച്ചു നൽകിയ പുതിയ ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

- മുതലക്കോടം ഹോളിഫാമിലി ഹോസ്പിറ്റലിൽ പുതിയതായി നിർമ്മിച്ച എമർജൻസി വിഭാഗത്തിന്റെയും OP ബ്ലോക്കിന്റെയും വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും തുടർന്നു നടന്ന മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകുകയും ചെയ്തു.

20 • മിഷനറീസ് ഓഫ് സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫാദേഴ്സിന്റെ കോതമംഗലം, മുത്തംകുഴിയിലുള്ള മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

- വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിന് NBA accreditation ലഭിച്ചതിനുള്ള അനുമോദനയോഗത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.





# Bishop's Engagements

## July 2018

| | | | | |
|---|---|---|---|---|
| 01 | Sun | Pastoral Visit | Cheenikuzhy | |
| 02 | Mon | Message to Synaxis Members | MSJ Provincial House | 06.00 pm |
| 03 | Tue | Holy Qurbana | Muvattupuzha | 07.00 am |
| 04 | Wed | Baptism | Perumannoor | 10.30 am |
| 06 | Fri | KCYM State Leadership Camp | NESTT | 06.30 pm |
| 08 | Sun | Pastoral Visit | Kuttampuzha | |
| 09 | Mon | Holy Qurbana | Marika | 08.00 am |
| 10 | Tue | Baptism | Cheenikuzhy | 11.00 am |
| 14 | Sat | Ordination | Vazhappilly East | 09.15 am |
| | | Catechism Eparchial Convention | Viswajyothi College Vazhakulam | 02.30 pm |
| 15 | Sun | Pastoral Visit | Ponnamthanam | |
| 16 | Mon | Marriage | Paingottoor | 11.00 am |
| 17 | Tue | Holy Qurbana | Perumballoor | 11.00 am |
| 17-18 | | Seminary Commission Meeting | Mangalapuzha | |
| 21 | Sat | CML Inaugural Meeting | NESTT | 09.30 am |
| 22 | Sun | Pastoral Visit | Thottakkara | |
| 23-24 | | Young Priests' Seminar | NESTT | |
| 25-27 | | CLC Meeting | Kakkanadu | |
| 28 | Sat | Holy Qurbana | Uppukunnu | 11.00 am |
| 30-31 | | Monthly Recollection for Bishops | | |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് പ്ലാത്തോട്ടം | ചരമദിനം | 01-08-1970 |
| ഫാ. ജോസഫ് എടപ്പാട്ടുകാവുങ്കൽ | " | 06-08-2003 |
| ഫാ. വർഗീസ് നമ്പ്യാപറമ്പിൽ | " | 07-08-1994 |
| ഫാ. ജോസഫ് കോയിക്കക്കുടി (Sr.) | " | 07-08-2002 |
| ഫാ. ജോർജ്ജ് എടാട്ടേൽ | " | 16-08-2010 |
| ഫാ. ജേക്കബ് തേവർപാടം | " | 18-08-2008 |
| ഫാ. മാത്യു മാതേയ്ക്കൽ | " | 25-08-1984 |
| ഫാ. ജോസ് കോടമുള്ളിൽ | " | 28-08-2015 |
| ഫാ. സഖറിയാസ് പിട്ടാപ്പിള്ളിൽ | " | 31-08-2000 |

## നിര്യാതരായി

### സി. റെയ്മണ്ട് എഫ്.സി.സി. (കാട്ടറുകുടിയിൽ)

ഇടവക - തെക്കേപുന്നമറ്റം, കടവൂർ
ജനനം - 16.08.1937
ആദ്യവ്രതം - 08.05.1961
നിത്യവ്രതം - 24.07.1964
മരണം - 29.05.2018
മൃതസംസ്ക്കാരം - 30.05.2018 (ഈസ്റ്റ് വാഴപ്പിള്ളി)

### സി. മേരി ഫാറ്റിമ എസ്.എച്ച്. (കട്ടക്കയം)

ഇടവക - രാമപുരം
ജനനം - 03.03.1938
ആദ്യവ്രതം - 02.05.1961
നിത്യവ്രതം - 02.05.1964
മരണം - 06.06.2018
മൃതസംസ്ക്കാരം - 07.06.2018 (മൈലക്കൊമ്പ്)





### സി. പാവുള എഫ്.സി.സി. (വാണിയപ്പുരയിൽ)

ഇടവക - കൊടുവേലി
ജനനം - 10.04.1926
ആദ്യവ്രതം - 17.05.1951
നിത്യവ്രതം - 07.07.1957
മരണം - 11.06.2018
മൃതസംസ്ക്കാരം - 13.06.2018 (ഈസ്റ്റ് വാഴപ്പിള്ളി)

### സി. സിൽവെസ്റ്റർ എസ്.എ.ബി.എസ്. (തുറയ്ക്കൽപുത്തൻപുരയിൽ)

ഇടവക - മുതലക്കോടം
ജനനം - 15.06.1936
ആദ്യവ്രതം - 20.04.1960
നിത്യവ്രതം - 30.05.1963
മരണം - 13.06.2018
മൃതസംസ്ക്കാരം - 14.06.2018 (മാറിക)

### സി. സാലസ് കാക്കനാട്ട് എസ്.എച്ച്.

ഇടവക - ആയവന
ജനനം - 01.03.1920
ആദ്യവ്രതം - 12.04.1945
നിത്യവ്രതം - 04.12.1950
മരണം - 18.06.2018
മൃതസംസ്ക്കാരം - 19.06.2018 (മൈലക്കൊമ്പ്)